I ഇ.ബി. XIII – കേരള നിയമസഭ/II-19

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഒക്ടോബർ 25, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**അടിയന്തരപ്രമേയം**

**ടൈറ്റാനിയം മലിനീകരണ നിവാരണ പദ്ധതി**

മി. സ്പീക്കർ : ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയുമായി ബന്ധപ്പെട്ട ഈ വിഷയം 28-09-2011-ന് ധനാഭ്യർത്ഥന ചർച്ചാവേളയിൽ ശ്രീ. വി. ശിവൻകുട്ടി സഭയിൽ ഉന്നയിച്ചതും മുഖ്യമന്ത്രി മറുപടി നൽകിയതുമാണ്. ഈ വിഷയം അടിയന്തരപ്രമേയമായി വന്ന സാഹചര്യത്തിൽ പരിഗണനയ്ക്കെടുക്കുന്നു.

ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ 256 കോടി രൂപയുടെ മെക്കോൺ മലിനീകരണ നിവാരണ പദ്ധതിയെക്കുറിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് ഉന്നയിച്ച എതിർപ്പുകൾ അവഗണിച്ച് സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റി ചെയർമാന് അന്നത്തെ മുഖ്യമന്ത്രി അയച്ച കത്തുകളും ഇടപാടിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ കഴിഞ്ഞ മേയ് മാസത്തിൽ

കേന്ദ്ര സർക്കാർ നൽകിയ നിർദ്ദേശവും പുറത്തുവന്നതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ അന്വേഷണത്തിന് തയ്യാറാകാതിരിക്കുന്നതു മൂലം ഉളവായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. ടി.എം. തോമസ് ഐസക്, സർവ്വശ്രീ വി.എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഈ വിഷയത്തിന് നേരത്തെ നൽകിയ മറുപടിയിൽ പ്രതിപക്ഷം തൃപ്തരാകാത്ത സാഹചര്യത്തിൽ ചെയർ നിശ്ചയിക്കുന്ന ഏത് സമയത്തും റൂൾ അനുസരിച്ച് ഈ വിഷയം സഭയിൽ ചർച്ച ചെയ്യാൻ തയ്യാറാണ്. മുഖ്യമന്ത്രിയെക്കുറിച്ച് അഴിമതി ആരോപണം വന്നിരിക്കുന്ന സാഹചര്യത്തിൽ ഇതിന്റെ സത്യം ജനങ്ങൾക്ക് നേരിട്ടറിയാനുള്ള അവസരമുണ്ടാക്കുന്നതിനായി അടിയന്തര പ്രമേയത്തെക്കുറിച്ചുള്ള ചർച്ച തത്സമയം സംപ്രേഷണം ചെയ്യാൻ ചെയർ അനുവദിക്കണം.

മി. സ്പീക്കർ : അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാമെന്ന ഗവൺമെന്റിന്റെ നിലപാടിന്റെ അടിസ്ഥാനത്തിൽ ചെയർ ഇത് പരിഗണനയ്ക്കെടുക്കുന്നു. സമയം പിന്നീട് നിശ്ചയിക്കാം. അടിയന്തര പ്രമേയത്തെക്കുറിച്ചുള്ള ചർച്ച തത്സമയം സംപ്രേഷണം ചെയ്യുന്നതിൽ പ്രതിപക്ഷ നേതാവിന്റെ അഭിപ്രായമറിയാൻ ചെയർ ആഗ്രഹിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : അടിയന്തര പ്രമേയത്തെക്കുറിച്ചുള്ള ചർച്ച തത്സമയം സംപ്രേഷണം ചെയ്യുന്നതിൽ പ്രതിപക്ഷത്തിന് അഭിപ്രായ വ്യത്യാസമില്ല.

<u>മി. സ്പീക്കർ</u> : അടിയന്തര പ്രമേയത്തെക്കുറിച്ചുള്ള ചർച്ച തത്സമയം സംപ്രേഷണം ചെയ്യാനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതാണ്. ഇന്ന് ധനവിനിയോഗ ബില്ലിന്റെ വോട്ടെടുപ്പ് ചട്ടം 153(2) അനുസരിച്ച് 1.30-ന് നടക്കേണ്ടതുണ്ട് എന്ന കാര്യംകൂടി ചെയർ സൂചിപ്പിക്കുകയാണ്.

**<u>ശ്രദ്ധക്ഷണിക്കൽ</u>**

**(1) <u>ശബരിമല തീർത്ഥാടകരുടെ സൗകര്യങ്ങൾ</u>**

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u> : ശബരിമല മണ്ഡല-മകരവിളക്കിനോടനുബന്ധിച്ച് ലക്ഷക്കണക്കിന് അയ്യപ്പഭക്തർ എത്തിച്ചേരുന്ന പുല്ലുമേട്, പാഞ്ചാലിമേട്, പരുന്തുംപാറ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പുല്ലുമേട്-വള്ളക്കടവ് റോഡിലൂടെയുള്ള ഗതാഗതം വൺവേ ആക്കുന്നതിന് ആൾട്ടർനേറ്റ് റൂട്ട് കണ്ടുപിടിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കണം. കല്ലാർ-ഗ്രാമ്പി, വണ്ടിപ്പെരിയാർ-അറണക്കൽ-ശബരിമല സത്രം, വള്ളക്കടവ്-സത്രം റോഡുകൾ വൺവേ ആക്കുന്നതിന് ആവശ്യമായ തുക അനുവദിക്കണം. ആൾട്ടർനേറ്റ് റോഡ് നിർമ്മിക്കുന്നതിന് റോഡ് കടന്നുപോകുന്ന പ്രദേശത്തുള്ള എസ്റ്റേറ്റ് മാനേജ്മെന്റുകൾ സ്ഥലം സൗജന്യമായി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. മൊബൈൽ ടവറുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ആൾട്ടർനേറ്റ് സംവിധാനം ഏർപ്പെടുത്തണം. ആവശ്യമായ വൈദ്യുതി എത്തിക്കുന്നതിനും പ്രകാശക്രമീകരണം ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം. സത്രം-ന്യൂ സത്രം ഭാഗത്ത് അടിസ്ഥാന സൗകര്യമൊരുക്കാനും പാർക്കിംഗിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താനും കഴിയണം. മകരവിളക്ക് ദർശനത്തിനെത്തുന്ന അയ്യപ്പഭക്തരുടെ സുരക്ഷയ്ക്കായി പാഞ്ചാലിമേട്, പരുന്തുംപാറ, പുല്ലുമേട് എന്നീ

സ്ഥലങ്ങളിൽ ബാരിക്കേഡുകൾ നിർമ്മിക്കണം. ശബരിമല മണ്ഡല-മകരവിളക്കിനോടനുബന്ധിച്ച് പീരുമേട് താലൂക്കിലുൾപ്പെടുന്ന പഞ്ചായത്തുകൾക്ക് അവിടെ വരുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കണം. മണ്ഡല-മകരവിളക്ക് കാലങ്ങളിൽ 24 മണിക്കൂറും കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്താനാവശ്യമായ നടപടി സ്വീകരിക്കണം. അടിയന്തര സാഹചര്യങ്ങളിൽ അവിടെ എത്തിച്ചേരുന്നതിന് ഹെലിപാഡ് അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കണം. പീരുമേട് നിയോജകമണ്ഡലത്തിൽ ഈ മണ്ഡലകാലത്തുതന്നെ ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കണം. ശബരിമലയെ നാഷണൽ പിൽഗ്രിം സെന്ററായി ഉയർത്തണം. പാഞ്ചാലിമേട്, പുല്ലുമേട്, പരുന്തുമ്പാറ പ്രദേശങ്ങളെ ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്താനും ഓക്സിജൻ പാർലർ അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം. വണ്ടിപ്പെരിയാർ-ഗ്രാമ്പി-ശബരിമല-സത്രം റോഡ് വൺവേയാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും ജസ്റ്റിസ് ഹരിഹരൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : പുല്ലുമേട് ദുരന്തത്തെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് ഹരിഹരൻ നായർ കമ്മീഷന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വർഷത്തെ മണ്ഡല-മകരവിളക്കിനോടനുബന്ധിച്ച് ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഹ്രസ്വകാല പദ്ധതികളും അടിസ്ഥാന സൗകര്യങ്ങളും നടപ്പിലാക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കുമിളി, വണ്ടിപ്പെരിയാർ എന്നിവിടങ്ങളിൽ

വാഹനപാർക്കിംഗ് ക്രമീകരിക്കുന്നതിന് ഇടുക്കി ജില്ലാ കളക്ടറെയും പോലീസ് അധികാരികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കോഴിക്കാനം മുതൽ ഉപ്പുപാറ വരെ സ്വകാര്യ വാഹന ഗതാഗതം നിരോധിക്കുന്നതിനും 'അസ്കാ' ലൈറ്റുകൾ സ്ഥാപിക്കുന്നതിനും കുടിവെള്ളത്തിനും പ്രാഥമി കാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും മറ്റ് സംസ്ഥാനങ്ങ ളിൽനിന്നുവരുന്ന തീർത്ഥാടകർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതി നായി ആറ് ഭാഷകളിൽ ബോർഡ് സ്ഥാപിക്കുന്നതിനും ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒഴുക്കുള്ള സ്ഥലങ്ങളിൽ നെറ്റ് ഇടുക, ലൈഫ് ഗാർഡുകളെ നിയമിക്കുക തുടങ്ങിയ കാര്യങ്ങൾക്ക് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുല്ലുമേട്ടിൽ പോലീസ് കൺട്രോൾ റൂം ആരംഭിക്കാനും വയർലെസ്സ് സംവി ധാനം ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. കച്ചവടസ്ഥാപനങ്ങൾ ഇക്കോ-ഡെവലപ്പ്മെന്റ് സൊസൈറ്റികളെ ഏൽപ്പിക്കാനും വിലനിലവാര ബോർഡു കൾ സ്ഥാപിക്കാനും കടകൾ ഒരു വശത്തായി സ്ഥാപിക്കാനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. റോഡുകളുടെയും പാലങ്ങളുടേയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പുല്ലുമേട്, സത്രം എന്നിവിടങ്ങളിൽ താൽക്കാലിക പോലീസ് കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനും ബാരിക്കേഡുകൾ നിർമ്മിക്കുന്നതിനും കൂടുതൽ പോലീസിനെ വിന്യസിക്കു ന്നതിനും ഉപ്പുപാറയിൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന്റെ സേവനം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ശബരിമലയിലേ ക്കുള്ള റോഡുകളിൽ മുന്നറിയിപ്പ് ബോർഡുകൾ, റിഫ്ളക്ടറുകൾ, ലൈറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പണികൾ നടന്നുവരികയാണ്.

അന്യസംസ്ഥാന തീർത്ഥാടകർ ചരക്കുവാഹനങ്ങൾ ഉപയോഗിക്കുന്നത് ഒഴിവാക്കാൻ മറ്റ് സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. വണ്ടിപ്പെരിയാർ-സത്രം-വള്ളക്കടവ് റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. പീരുമേട് താലൂക്കിലെ പഞ്ചായത്തുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. ജസ്റ്റിസ് ഹരിഹരൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ സാധ്യമായ നിർദ്ദേശങ്ങൾ ഇപ്രാവശ്യം തന്നെ നടപ്പിലാക്കുന്നതും ദീർഘകാല പദ്ധതികൾ സംബന്ധിച്ച് ദേവസ്വം ബോർഡുമായി ആലോചിച്ച് തീരുമാനിക്കുന്നതുമാണ്.

### (2) ഷൊർണ്ണൂർ – നിലമ്പൂർ റെയിൽപാത ഇരട്ടിപ്പിക്കൽ

ശ്രീ. ടി.എ. അഹ്മദ് കബീർ: മലബാർ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കാൻ ഷൊർണ്ണൂർ - നിലമ്പൂർ റെയിൽപാത ഇരട്ടിപ്പിക്കുകയും കൂടുതൽ ട്രെയിൻ സർവ്വീസുകൾ ആരംഭിക്കുകയും ചെയ്യണം. നിലമ്പൂരിൽനിന്ന് നഞ്ചങ്കോട് വരെയുള്ള പാതയുടെ നിർമ്മാണ കാര്യത്തിലും അടിയന്തര നടപടിയുണ്ടാകണം. അങ്ങാടിപ്പുറത്തുനിന്നോ നിലമ്പൂരിൽനിന്നോ ഫറോക്കിലേക്കും കോഴിക്കോട് നിന്ന് അങ്ങാടിപ്പുറത്തേക്കും പാത വരികയാണെങ്കിൽ ഷൊർണ്ണൂരിലേക്ക് രണ്ട് പാതകളുണ്ടാവുകയും അത് മലബാറിന്റെ സമഗ്രമായ പുരോഗതിക്ക് വഴിവയ്ക്കുകയും ചെയ്യുമെന്നുള്ളതുകൊണ്ട് ഈ പദ്ധതി ഏറ്റെടുക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): നിലമ്പൂർ-നഞ്ചങ്കോട് റെയിൽവേ ലൈനിന്റെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. കഴിഞ്ഞ മാസം 19-ാം തീയതി നടന്ന കേന്ദ്രമന്ത്രിയുടേയും എം.പി.മാരുടേയും റെയിൽവേ

ഉദ്യോഗസ്ഥരുടേയും സംയുക്തയോഗത്തിൽ ഇക്കാര്യം പ്രത്യേകമായി ഉന്നയിച്ചിട്ടുണ്ട്. നഞ്ചങ്കോട് റെയിൽവേ ലൈനിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇക്കാര്യം വീണ്ടും വകുപ്പുമന്ത്രിയുടേയും കേന്ദ്ര ഗവൺമെന്റിന്റേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്. അങ്ങാടിപ്പുറത്തുനിന്നും ഫറോക്കിലേക്കുള്ള പാതയുടെ സർവ്വേ നടത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയിരക്കണക്കിന് ആൾക്കാരെ കുടിയൊഴിപ്പിക്കേണ്ടിവരുമെന്നതിനാൽ അത് എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമുണ്ട്. എറണാകുളത്തുനിന്ന് കായംകുളത്തേക്കുള്ള ഡബ്ളിംഗ് വർക്ക് പൂർത്തീകരിക്കാൻ ശ്രമം നടത്തുന്നുണ്ട്. ലാന്റ് അക്വിസിഷനിലുണ്ടാകുന്ന കാലതാമസം റെയിൽവേ വികസനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. ഈ റെയിൽവേ ലൈനിന്റെ സർവ്വേ നടത്താൻ കേന്ദ്ര ഗവൺമെന്റിനോട് വീണ്ടും ആവശ്യപ്പെടുകയും ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരമാവധി ചെയ്യുന്നതുമാണ്.

**<u>സബ്മിഷൻ</u>**

**(1) <u>ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ പേരിൽ തപാൽ സ്റ്റാമ്പ്</u>**

<u>ശ്രീ. ബെന്നി ബഹനാൻ</u>: മഹാകവി ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ അദ്ദേഹത്തിന്റെ പേരിൽ ഒരു തപാൽ സ്റ്റാമ്പ് പുറത്തിറക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : മഹാകവി ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ സ്മരണയ്ക്കായി തപാൽ സ്റ്റാമ്പ് ഇറക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (2) പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. കെ. മുരളീധരൻ: തലസ്ഥാന നഗരിയിലെ പേരൂർക്കട, വട്ടിയൂർക്കാവ്, മ്യൂസിയം പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാനസൗകര്യങ്ങളുടെയും വാഹനങ്ങളുടെയും അപര്യാപ്തത പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : മോഡേണൈസേഷൻ സ്കീമിൽപ്പെടുത്തി പേരൂർക്കട, മ്യൂസിയം, വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷനുകൾക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുവാദം നൽകുന്നതാണ്.

## (3) കൊല്ലങ്കോട് ഫയർ സ്റ്റേഷൻ

ശ്രീ. വി. ചെന്താമരാക്ഷൻ: നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ഒരു ഫയർസ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സ്ഥലം ലഭിച്ചാൽ പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

## (4) അനധികൃത സംഘടനകൾ നിരോധിക്കാൻ നടപടി

ശ്രീ. വി. ശിവൻകുട്ടി: കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിൽ പ്രവർത്തിക്കുന്ന അനധികൃത സംഘടനകളെ നിരോധിക്കാനും അച്ചടക്കലംഘനം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരള ഫയർ ആന്റ് റസ്ക്യു സർവ്വീസസ് വകുപ്പിൽ അംഗീകാരമില്ലാത്ത സംഘടനകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതാണ്.

## (5) കവി മുല്ലനേഴിയുടെ മരണാനന്തര ചടങ്ങുകൾക്ക് ഔദ്യോഗിക ബഹുമതി

ശ്രീ. പുരുഷൻ കടലുണ്ടി: കവി, ഗാനരചയിതാവ്, നടൻ, മനുഷ്യ സ്നേഹി തുടങ്ങിയ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച് നിരവധി പുരസ്ക്കാരങ്ങൾ നേടിയ മുല്ലനേഴിയുടെ മരണാനന്തര ചടങ്ങുകൾക്ക് ഔദ്യോഗിക ബഹുമതി നിഷേധിച്ചത് കടുത്ത വിവേചനമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീമതി ഗീതാ ഗോപി: കവിയും ഗാനരചയിതാവുമായിരുന്ന മുല്ലനേഴിയുടെ ശവസംസ്ക്കാരച്ചടങ്ങിന് ഔദ്യോഗിക ബഹുമതി നൽകാത്തതിലുള്ള ഖേദം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): ഇക്കാര്യം വളരെ ഗൗരവത്തോടെ കാണുകയാണ്. പ്രശസ്ത കവിയും ഗാനരചയിതാവുമായ മുല്ലനേഴിയോട് അങ്ങേയറ്റത്തെ ആദരവും ബഹുമാനവുമാണ് ഗവണ്മെന്റിനുള്ളത്. നിരവധി പുരസ്കാരങ്ങൾ നേടിയ അദ്ദേഹത്തിന്റെ മരണാനന്തര ചടങ്ങിന് വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും സംബന്ധിക്കുകയും മുഖ്യമന്ത്രിക്കുവേണ്ടി റീത്ത് സമർപ്പിക്കുകയും ചെയ്തിരുന്നു. ഞാനും മുഖ്യമന്ത്രിയും ഡൽഹിയിൽ നാഷണൽ ഡെവലപ്മെന്റ് കൗൺസിലിന്റെ യോഗത്തിൽ പങ്കെടുത്തുകൊണ്ടിരിക്കെ അവിടെ മൊബൈൽ ഫോൺ അനുവദനീയമല്ലാത്തതിനാൽ കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് ഉണ്ടായതിനെത്തുടർന്നുള്ള വീഴ്ചയാണ് ഇതിനിടയായത്. മുല്ലനേഴിക്ക് ഔദ്യോഗിക ബഹുമതി കൊടുക്കാൻ ഗവൺമെന്റിന്

കഴിയാത്തതിലുള്ള ഖേദം അറിയിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: മരണാനന്തര ബഹുമതി നൽകുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ മാനദണ്ഡം ഉണ്ടാക്കാൻ സർക്കാർ തയ്യാറാകണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): മരണാനന്തര ബഹുമതി കൊടുക്കുന്നത് സംബന്ധിച്ച് കൃത്യമായ മാനദണ്ഡമുണ്ടാക്കാനും അത് പാലിക്കാനും നിർദ്ദേശം നൽകുന്നതാണ്.

**(6) അനധികൃതമായി പതിച്ചുനൽകിയ സ്ഥലങ്ങൾ തിരിച്ചുപിടിക്കൽ**

ശ്രീ. പി.എ. മാധവൻ: തിരുവനന്തപുരത്ത് വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 2836-ലെ 33 സെന്റ് സ്ഥലം ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസസ് സംഘടനയ്ക്ക് അനധികൃതമായി പതിച്ചുനൽകുകയും പാട്ടക്കുടിശ്ശിക ഒഴിവാക്കിക്കൊടുക്കുകയും ചെയ്ത നടപടി പരിശോധിക്കുകയും ആവശ്യമായ സ്ഥലം സർവ്വീസ് സംഘടനയ്ക്ക് നൽകിക്കൊണ്ട് അവശേഷിക്കുന്ന ഭൂമി തിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പ്രസ്തുത ഭൂമി ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവീസസ് എന്ന സംഘടനയ്ക്ക് 27-09-1999-ലെ സർക്കാർ ഉത്തരവുപ്രകാരം വില ഈടാക്കാതെ പതിച്ചുനൽകുകയും അന്നുവരെയുണ്ടായിരുന്ന പാട്ടക്കുടിശ്ശികയായ 18,21,871 രൂപ വ്യവസ്ഥകൾക്ക് വിധേയമായി ഒഴിവാക്കി കൊടുക്കുകയും

ചെയ്തതിന്റെ നിയമവശങ്ങൾ പരിശോധിച്ച് മേൽ നടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്.

## (7) റോഡപകടങ്ങൾ

ശ്രീ. വർക്കല കഹാർ: വർക്കലയിലെ കടമ്പാട്ടുകോണം മുതൽ കല്ലമ്പലം വരെയുള്ള ദേശീയപാതയിൽ നിരന്തരമായി റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നത് ഒഴിവാക്കാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിക്കാനും 22-02-2011-ന് നാവായിക്കുളത്ത് റോഡ് മുറിച്ചുകടക്കുന്നതിനിടെ കാറിടിച്ച് മരിച്ച സരിതയുടെ കുടുംബത്തിന് സഹായം നൽകാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കഴിഞ്ഞ 8 മാസത്തിനിടയിൽ കല്ലമ്പലം മുതൽ കാര്യവട്ടം വരെയുള്ള ഭാഗങ്ങളിലുണ്ടായ 250 അപകടങ്ങളിൽ 53 പേർ മരിക്കുകയും 268 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ റോഡ് സേഫ്റ്റി മീറ്റിംഗ് കൂടി കോവളം, കൊല്ലം ദേശീയപാതയിൽ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജനപ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ച് ട്രാഫിക് നിയമങ്ങൾ കർശനമാക്കാനും ബോധവൽക്കരണം നടത്താനും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി അപകടങ്ങൾ കുറയ്ക്കാനുമുള്ള നിർദ്ദേശം നൽകുന്നതാണ്. സരിതയുടെ അപകട മരണത്തിൽ ദു:ഖം രേഖപ്പെടുത്തുന്നതോടൊപ്പം ആ കുടുംബത്തെ സഹായിക്കുകയും ചെയ്യുന്നതാണ്.

### (8) ചിന്നക്കനാൽ വില്ലേജ് ഓഫീസ്

ശ്രീ. എസ്. രാജേന്ദ്രൻ: ചിന്നക്കനാൽ വില്ലേജ് ആഫീസ് ദേവികുളം താലൂക്ക് ഓഫീസിനോട് ബന്ധപ്പെടുത്തി പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ചിന്നക്കനാൽ നിവാസികൾ താലൂക്ക് ഓഫീസിൽ എത്തിച്ചേരുന്നതിൽ ഉണ്ടാകുന്ന യാത്രാക്ലേശം പരിഹരിക്കാൻ റവന്യൂ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെയും ഇടുക്കി ജില്ലയിലെ എം.എൽ.എ.-മാരുടെയും സാന്നിദ്ധ്യത്തിൽ നവംബർ 7-ാം തീയതി കളക്ടറേറ്റിൽ ചേരുന്ന യോഗത്തിൽ വച്ച് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

### (9) ഭൂവുടമകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. സി. മോയിൻകുട്ടി: പുതുപ്പാടി വില്ലേജിലെ കരികുളം, കാക്കവയൽ പ്രദേശങ്ങളിലെ മിച്ചഭൂമി ഐഡന്റിഫൈ ചെയ്യാനും ഭൂവുടമകൾക്ക് കൈവശാവകാശരേഖ നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മിച്ചഭൂമി സംബന്ധിച്ച കേസുകൾ തീർപ്പാക്കുകയും റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ ഭൂമി ഐഡന്റിഫൈ ചെയ്യുകയും ചെയ്ത് പ്രശ്നത്തിന് ശാശ്വതപരിഹാരമുണ്ടാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

### (10) രായിരനല്ലൂർമലയിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ

ശ്രീ. സി.പി. മുഹമ്മദ്: തീർത്ഥാടനകേന്ദ്രമായി വളരുന്ന പട്ടാമ്പി നിയോജകമണ്ഡലത്തിലെ രായിരനല്ലൂർമലയിൽ ഗതാഗതസൗകര്യവും അടിസ്ഥാന സൗകര്യങ്ങളുമുണ്ടാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): പട്ടാമ്പിയിലെ രായിരനല്ലൂർമല യിൽ വികസനപ്രവർത്തനങ്ങൾ നടത്താനാവശ്യമായ പ്രോജക്ടുണ്ടാക്കുന്ന തിന് നടപടി സ്വീകരിക്കുന്നതാണ്.

## (11) വായ്പ എഴുതിത്തള്ളൽ

ശ്രീ. വി.പി. സജീന്ദ്രൻ: പട്ടികജാതി വികസന കോർപ്പറേഷൻ, പിന്നോക്ക സമുദായ കോർപ്പറേഷൻ, പരിവർത്തിത ക്രൈസ്തവ വിഭാഗ വികസന കോർപ്പറേഷൻ എന്നിവയിൽനിന്നും എടുത്ത വായ്പകൾ എഴുതി ത്തള്ളുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകു പ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): സംസ്ഥാനത്തെ പട്ടികജാതി/പട്ടിക വർഗ്ഗ/പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-03-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശി കയായതുമായ വായ്പകളിൽ 25,000 രൂപവരെയുള്ളത് പൂർണ്ണമായും എഴുതി ത്തള്ളുന്നതിനും അതിന് മുകളിലുള്ള തുകയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കുന്നതിനുമായി പട്ടികജാതി/പട്ടികവർഗ്ഗ വിക സന വകുപ്പ് ഇറക്കിയ ഉത്തരവിന്റെ കാലാവധി 31-12-2011 വരെ ദീർഘിപ്പിച്ചി ട്ടുണ്ട്. പ്രസ്തുത വായ്പ എടുത്തതും ഇപ്പോൾ ജീവിച്ചിരിപ്പില്ലാത്തതുമായ 2101 പേരുടെ വായ്പകൾ പൂർണ്ണമായും എഴുതിത്തള്ളുന്നതാണ്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്ന് വായ്പ എടുത്ത് 10 വർഷം കഴിഞ്ഞതും തിരിച്ചടയ്ക്കാൻ കഴിയാത്തതുമായ 1530

പേരുടെ വായ്പകളും പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽനിന്നുള്ള വായ്പകളും 2011 ഡിസംബർ 31 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം 50 ശതമാനം പലിശയിളവ് നൽകുകയും പിഴപ്പലിശ പൂർണ്ണമായും എഴുതിത്തള്ളുകയും ചെയ്യുന്നതാണ്. പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽനിന്നും വായ്പ എടുത്തതും എഴുതിത്തള്ളൽ പദ്ധതിയിൽ ഉൾപ്പെടാത്തതുമായ 449 പേർക്ക് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുകയും പലിശയിൽ 50 ശതമാനം ഇളവ് നൽകുകയും ചെയ്യുന്നതാണ്.

**(12) <u>വൈക്കം ബീച്ചിൽ ടൂറിസം പദ്ധതി</u>**

<u>ശ്രീ. കെ. അജിത്:</u> വൈക്കത്ത് ടൂറിസം ഡെസ്റ്റിനേഷൻ മാനേജുമെന്റ് കൗൺസിൽ രൂപീകരിക്കുന്നതിനും വേമ്പനാട് കായലിൽ നിർമ്മിച്ച ബീച്ച് നവീകരിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. എ.പി. അനിൽ കുമാർ):</u> വൈക്കത്ത് എം.എൽ.എ. ചെയർമാനായി ടൂറിസം ഡെസ്റ്റിനേഷൻ മാനേജുമെന്റ് കൗൺസിൽ രൂപീകരിക്കാനാവശ്യമായ നിർദ്ദേശം നൽകുന്നതും വേമ്പനാട്ടുകായലിലെ ബീച്ച് ബ്യൂട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട പ്രോജക്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

**(13) <u>ബിവറേജസ് കോർപ്പറേഷന്റെ മദ്യവില്പനശാലകൾ മാറ്റിസ്ഥാപിക്കൽ</u>**

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : പ്രധാന ജംഗ്ഷനുകളിലും ബസ് സ്റ്റാന്റിനടുത്തുമായി പ്രവർത്തിക്കുന്ന ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ മാറ്റിസ്ഥാപിക്കുന്നതിനും പുതിയ ഔട്ട്ലെറ്റുകൾ അനുവദിക്കാതി

രിക്കുന്നതിനും ഘട്ടം ഘട്ടമായി മദ്യവിമുക്ത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : അബ്കാരി നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന ദൂരപരിധി വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് എല്ലാ സ്ഥലങ്ങളിലും ബിവറേജസ് കോർപ്പറേഷന്റെ റീട്ടെയിൽ ഷോപ്പുകൾ പ്രവർത്തിക്കുന്നത്. ബാർ ഹോട്ടലുകളുടെ തൊട്ടടുത്തുള്ള ഔട്ട്ലെറ്റുകൾ മാറ്റി സ്ഥാപിക്കാനോ പുതിയ ഔട്ട്ലെറ്റുകൾ അനുവദിക്കാനോ തൽക്കാലം ഉദ്ദേശിക്കുന്നില്ല. നവംബർ 1-ാം തീയതി ചേരുന്ന ബിവറേജസ് കോർപ്പറേഷന്റെ ബോർഡ് യോഗത്തിൽ ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും തിരക്കേറിയ ജംഗ്ഷനുകളിൽ നിന്ന് ഔട്ട്ലെറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള തീരുമാനം പരിഗണിക്കുന്നതാണ്. മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനായി 2013-14 മുതൽ സംസ്ഥാനത്ത് ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് മാത്രമേ ബാർ ലൈസൻസ് കൊടുക്കാൻ ഉദ്ദേശിക്കുന്നുള്ളൂ.

### (14) സ്ക്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം

ശ്രീ. കെ. എൻ. എ. ഖാദർ : പോഷകാഹാരക്കുറവ് പരിഹരിക്കാൻ സ്ക്കൂൾ വിദ്യാർത്ഥികൾക്ക് നിർബന്ധമായി പ്രഭാതഭക്ഷണം കൊടുക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ.അബ്ദു റബ്ബ്) : നിലവിലുള്ള സാമ്പത്തിക സ്ഥിതിയനുസരിച്ച് ഈ അദ്ധ്യയന വർഷം സാധിക്കില്ലെങ്കിലും 2012-13 സകൂൾ വർഷം മുതൽ ആവശ്യമായ തുക കണ്ടെത്തി എല്ലാ

പ്രൈമറി സ്കൂൾ കുട്ടികൾക്കും പ്രഭാതഭക്ഷണം നൽകുന്ന പദ്ധതി തുടങ്ങാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**(15)പൊന്നാനി താലൂക്ക് ആശുപത്രിയിൽ ജില്ലാ ലാബിന്റെ പ്രവർത്തനം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : പൊന്നാനി താലൂക്ക് ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള ലാബിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കാനും ഡോക്ടർമാരുടെ ദൗർലഭ്യം പരിഹരിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തിയശേഷം ജില്ലാ പബ്ലിക് ഹെൽത്ത് ലാബ് മലപ്പുറം ജനറൽ ആശുപത്രിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. പൊന്നാനി താലൂക്ക് ആശുപത്രിക്ക് ആവശ്യമായ ലാബ് സൗകര്യങ്ങൾ ഒരുക്കുന്നതിനും പി.എസ്.സി. നിയമനത്തിലൂടെ ഡോക്ടർമാരുടെ ഒഴിവ് നികത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**(16) സി.എച്ച്.സി.യിൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കൽ**

ശ്രീ. ബാബു എം. പാലിശ്ശേരി: കുന്നംകുളം എരുമപ്പെട്ടി സി.എച്ച്.സി.യിൽ ആവശ്യമായ ഡോക്ടർമാരെ നിയമിക്കാനും മറ്റ് ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): എരുമപ്പെട്ടി സി.എച്ച്.സി.യിൽ പത്ത് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യവും ലാബ്, ഫാർമസി എന്നിവയും നിലവിലുണ്ട്. ഒഴിവുള്ള ഒരു അസിസ്റ്റന്റ് സർജൻ തസ്തികയിൽ താല്കാലികാടിസ്ഥാനത്തിൽ ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്. നിലവിലുള്ള ഒരു സ്റ്റാഫ് നഴ്സിനുപുറമേ എൻ.

ആർ.എച്ച്.എം. വഴി പോസ്റ്റ് ചെയ്ത ഒരു സ്റ്റാഫ് നഴ്സും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു സ്റ്റാഫും ജോലി ചെയ്തുവരുന്നു. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ ഒഴിവിൽ ബോണ്ട് വ്യവസ്ഥയിലും ഡ്രൈവറുടെ ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ലാബ് ടെക്നീഷ്യന്റെ ഒഴിവിൽ എൻ.ആർ.എച്ച്.എം. വഴിയും നിയമനം നടത്തിയിട്ടുണ്ട്. എരുമപ്പെട്ടി പി.എച്ച്.സി. സി.എച്ച്.സി.യാക്കി ഉയർത്തിയെങ്കിലും പോസ്റ്റ് ക്രിയേഷൻ നടത്തുന്ന മുറയ്ക്കുമാത്രമേ സി.എച്ച്.സി. ആയി പ്രവർത്തിക്കാൻ കഴിയുകയുള്ളൂ.

(17) <u>മണ്ണുത്തി-അങ്കമാലി ദേശീയ പാതയിലെ ടോൾപിരിവ്</u>

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: മണ്ണുത്തി-അങ്കമാലി ദേശീയ പാതയിൽ ടോൾ പിരിവ് ആരംഭിക്കുന്നതിനുള്ള അശാസ്ത്രീയമായ നിർദ്ദേശങ്ങ ളടങ്ങിയ വിജ്ഞാപനം പുന:പരിശോധിക്കുന്നതിനും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് ടോൾ പിരിവിലെ അശാസ്ത്രീയത പരിഹരിക്കുന്ന തിനും നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): എൻ.എച്ച് 47-ൽ തൃശ്ശൂർ മുതൽ അങ്കമാലിവരെ 39.64 കി.മീ. നാലുവരിപ്പാത നിർമ്മാ ണവും അറ്റകുറ്റപ്പണികളും അങ്കമാലി മുതൽ ഇടപ്പള്ളിവരെ 25.3 കി.മീ. റോഡ് വികസനവും അറ്റകുറ്റപ്പണികളും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ബി.ഒ.ടി. വ്യവസ്ഥയിൽ ഗുരുവായൂർ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് നൽകുകയുണ്ടായി. 22-11-2007-ലെ ഉത്തരവ് പ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുമായി ഒപ്പിട്ട സപ്പോർട്ട് എഗ്രിമെന്റിന്റേയും പാലത്തിലൂടെയുള്ള വാഹന ഗതാഗത

ത്തിന്റേയും ബി.ഒ.ടി. ടോൾ വ്യവസ്ഥയുടേയും അടിസ്ഥാനത്തിലാണ് ടോൾ പ്ലാസയിൽ യൂസേഴ്സ് ഫീ നിശ്ചയിച്ചിരിക്കുന്നത്. കേന്ദ്ര നിയമത്തിന്റെ പരിധിയിലുള്ള വിഷയമായതിനാൽ യൂസർ ഫീ കുറയ്ക്കുന്നതിനോ ഒഴിവാക്കുന്നതിനോ സംസ്ഥാന സർക്കാരിന് അധികാരമില്ല. എങ്കിലും ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

2011-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം**

**2011-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.മാണി): 2011-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി.സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.മാണി): 2011-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. എം.മാണി):</u> 2011-12 വർഷത്തേക്കുള്ള പ്ലാൻ എക്സ്പെൻഡിച്ചറായി 12010 കോടി രൂപയാണ് കാണിച്ചിട്ടുള്ളത്. 11-ാം പഞ്ചവത്സര പദ്ധതിയേക്കാൾ 150 ശതമാനത്തിന്റെ വർദ്ധനവാണ് 12-ാം പഞ്ചവത്സര പദ്ധതിയിൽ പ്രൊപ്പോസ് ചെയ്തിട്ടുള്ളത്. റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള വികസനച്ചെലവുകളുടെ ജി.ഡി.പി. അനുപാതമനുസരിച്ച് കേരളം എറ്റവും പുറകിലേക്ക് പോകുന്നു എന്നാണ് കാണാൻ സാധിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് സുസ്ഥിര നഗര വികസനത്തിന് എ.ഡി.ബി. അനുവദിച്ച തുക മുഴുവൻ ചെലവാക്കാതിരുന്നതുകൊണ്ട് 18 കോടി രൂപ ഈ ഗവൺമെന്റ് കമിറ്റ്മെന്റ് ചാർജ് കൊടുക്കേണ്ടതായി വന്നു. ഈ സർക്കാർ വിഴിഞ്ഞം പദ്ധതിക്ക് ഈ വർഷം 250 കോടി രൂപയും കൊച്ചിൻ മെട്രോയ്ക്ക് 50 കോടി രൂപയും കണ്ണൂർ വിമാനത്താവളത്തിന് 200 കോടി രൂപയും കുട്ടനാട് പാക്കേജിന് 250 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. റോഡുകളുടെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിന് 325 കോടി രൂപ നീക്കിവച്ചിട്ടുള്ളതുകൂടാതെ പുതിയ റോഡുകളുടെ നിർമ്മാണത്തിന് 800 കോടി രൂപയും റോഡുകളുടെ പുനരുദ്ധാരണത്തിന് 500 കോടി രൂപയും ഉൾപ്പെടെ 1300 കോടി രൂപ റോഡ് പ്രോജക്ടിനുവേണ്ടി അനുവദിച്ചിട്ടുണ്ട്. 2006-10-ൽ റവന്യൂ കമ്മി കുറയ്ക്കുന്നതിനുവേണ്ടിയുള്ള ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ട് ഭേദഗതി ചെയ്യാതിരുന്നതുമൂലം ഫിനാൻസ് കമ്മീഷനിൽ നിന്ന് ലഭിക്കേണ്ടിയിരുന്ന 812 കോടി രൂപയും കേന്ദ്ര പദ്ധതികളുടെ നിബന്ധനകൾ പാലിച്ച് നടപ്പിലാക്കാത്തതുമൂലം 416 കോടി രൂപയും എൽ.ഡി.എഫ്. ഗവൺമെന്റ് നഷ്ടപ്പെടു

ത്തി. കേരളത്തിന്റെ ആളോഹരി കടബാധ്യത 23,563 രൂപയായി വർദ്ധിപ്പിക്കുകയും സംസ്ഥാനത്ത് ജനിക്കുന്ന ഓരോ കുഞ്ഞിനും 11,100 രൂപ കടബാധ്യത വരുത്തിവയ്ക്കുകയുമാണ് കഴിഞ്ഞ സർക്കാർ ചെയ്തത്. മേജർ പദ്ധതികൾക്കും ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനും കൂടുതൽ പണം വിനിയോഗിച്ച് സംസ്ഥാനത്തെ പുരോഗതിയിലേക്ക് നയിക്കുന്നതിനുവേണ്ടിയുള്ള തുകകളാണ് ധനവിനിയോഗ ബില്ലിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

<u>ശ്രീ. എം. ചന്ദ്രൻ</u> : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ഓണറേറിയം ആയിരം രൂപ വീതം വർദ്ധിപ്പിച്ചുവെന്ന് പറയുന്നെങ്കിലും ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. രാജ്യത്ത് നടക്കുന്ന സംഭവവികാസങ്ങൾ കണക്കിലെടുക്കാതെ സംസ്ഥാനത്തിന്റെ സ്ഥിതിഗതികൾ മാത്രം പരിശോധിച്ച് ബഡ്ജറ്റ് തയ്യാറാക്കുകയാണ് ധനകാര്യ വകുപ്പുമന്ത്രി ചെയ്തിരിക്കുന്നത്. സാമ്പത്തിക മാന്ദ്യത്തെ അതിജീവിക്കാൻ ജനങ്ങളുടെ വേതനവും മറ്റും വെട്ടിക്കുറയ്ക്കുന്ന നടപടി പ്രതിഷേധാർഹമാണ്. 2004-ൽ ഇന്ത്യയിൽ 19 ശതകോടീശ്വരന്മാരുണ്ടായിരുന്നത് ഇന്ന് വളരെയധികം വർദ്ധിച്ചിരിക്കുകയാണ്. സമ്പത്ത് കേന്ദ്രീകരിക്കുകയും പാവപ്പെട്ടവർക്ക് പണം ഇല്ലാതാകുകയും ചെയ്യുന്നുവെന്നാണ് ഇത് കാണിക്കുന്നത്. ദാരിദ്ര്യരേഖ കണക്കാക്കുന്നതിനുള്ള മാനദണ്ഡത്തെ സംബന്ധിച്ച് പുന:പരിശോധന നടത്തേണ്ടതുണ്ട്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ച് മാസക്കാലത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടങ്ങൾ പ്രതിപക്ഷം കണ്ടില്ലെന്നുനടിക്കുന്നത് ശരിയല്ല. നിരവധി വർഷങ്ങളായി ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന അധ്യാപകർക്ക് ശമ്പളം

നൽകാനും അവരുടെ തസ്തികകൾ അംഗീകരിക്കാനും അധ്യാപക-വിദ്യാർത്ഥി അനുപാതം 1:30 ആക്കി നിജപ്പെടുത്താനും പ്ലസ് ടു അനുവദിച്ച സ്കൂളുകളിൽ അധ്യാപക തസ്തികകൾക്ക് അനുമതി കൊടുക്കാനും ഈ ഗവൺമെന്റ് നടപടിയെടുക്കുകയുണ്ടായി. ജീവൻരക്ഷാമരുന്നുകൾ വില കുറച്ച് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. ശബരിമല അനുബന്ധ റോഡുകൾക്ക് ഭരണാനുമതി നൽകി. ഒരു രൂപയ്ക്ക് അരി നൽകുന്ന പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. അപേക്ഷ നൽകിയ മുഴുവൻ പേർക്കും റേഷൻ കാർഡുകൾ വിതരണം ചെയ്തു. കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഉത്തരവാദിത്തം ഈ ഗവൺമെന്റിന്റെ ചുമലിലായിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽത്തന്നെ ഐ.ടി. കയറ്റുമതി രംഗത്ത് ഉയർന്ന സ്ഥാനത്ത് എത്താൻ കേരളത്തെ പ്രാപ്തമാക്കും എന്ന കാര്യത്തിൽ സംശയമില്ല. സർക്കാരിന്റെ ജനക്ഷേമകരമായ നടപടികളെ ജനങ്ങൾ സ്വാഗതം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല.

<u>ശ്രീ. കെ. രാജു:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഭൂമാഫിയകൾക്കും റിസോർട്ടുടമകൾക്കും നിശ്ചിത ശതമാനം ഭൂമി കൈമാറുന്നതിന് അനുകൂലമായ നിലപാട് സ്വീകരിച്ച ഗവൺമെന്റിന്റെ സമീപനം പ്രതിഷേധാർഹമാണ്. സ്വകാര്യ ബാങ്കുകളോട് ലിബറലായ സമീപനമാണ് യു.ഡി.എഫ്. സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് നിയമിച്ച കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി വൈസ്ചാൻസലറെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്ത നടപടി സാമാന്യനീതിക്ക് നിരക്കുന്നതല്ല. പെട്രോളിന്റേയും പെട്രോളിയം ഉൽപ്പന്നങ്ങളുടെയും വില നിയന്ത്രണാധികാരം കേന്ദ്ര ഗവൺമെന്റ് പെട്രോളിയം

കമ്പനികൾക്ക് നൽകിയതിലൂടെ പെട്രോളിയം ഉൽപ്പന്നങ്ങൾക്കും നിത്യോപയോഗ സാധനങ്ങൾക്കും വിലവർദ്ധിക്കാനിടയായ സാഹചര്യം സൃഷ്ടിച്ച കോൺഗ്രസ് നയത്തോട് യോജിക്കാൻ സാധിക്കില്ല. തെറ്റായ സാമ്പത്തിക നയം തിരുത്താൻ കോൺഗ്രസ് തയ്യാറാകണം.

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി: ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. ഇന്നത്തെ മാറിയ സാഹചര്യത്തിൽ നിയമനിർമ്മാണ സഭകളുടെ നിലവാരമുയർത്തുന്നതിനെക്കുറിച്ച് കക്ഷിരാഷ്ട്രീയ ഭേദമെന്യേ ചിന്തിക്കേണ്ടതാണ്. നിയമസഭകൾ ജനോപകാരപ്രദമായ നിയമ നിർമ്മാണ വേദിയായി മാറണം. നിയമനിർമ്മാണസഭയെ എങ്ങനെ കാണണമെന്നുള്ളത് ചർച്ചയ്ക്ക് വിധേയമാക്കാനും സഭാതലത്തിൽ നടക്കുന്ന കാര്യങ്ങൾ ജനങ്ങളുടെ പ്രതീക്ഷകൾക്കനുസരിച്ചാണോ എന്നത് പരിശോധിക്കാനും തയ്യാറാകണം. ജനങ്ങളുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനും യു.ഡി.എഫ്. സർക്കാരിന്റെ നേട്ടങ്ങളെ അംഗീകരിക്കാനും പ്രതിപക്ഷം തയ്യാറാകണം.

ശ്രീ. സി.കെ. നാണു: ധനവിനിയോഗബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച മലബാർ പാക്കേജിലൂടെ വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലുൾപ്പെടെ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കൃഷിഭൂമി വിദേശ വൻകിട കുത്തകകളുടെ കൈകളിലെത്തുന്ന സ്ഥിതി ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കണം. കാർഷിക രംഗത്ത് കൃഷിക്കാരെ നിലനിറുത്തുന്നതിനും എസ്റ്റേറ്റുകൾ മുറിച്ചുവിൽക്കപ്പെടുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം. കേരള ഭൂ പരിഷ്ക്കരണ നിയമത്തിന്റെ ചുവടുപിടിച്ച് തോട്ടംതൊഴിലാളികളുടെ പേരിൽ എസ്റ്റേറ്റ് ഉണ്ടാക്കിയതുപോലെ കശുവണ്ടി വികസന മേഖലയിൽ നടപ്പാക്കിയാൽ

അത് അപകടമുണ്ടാക്കും. പ്രകൃതിസൗന്ദര്യം നിലനിറുത്തിക്കൊണ്ടും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ചും ടൂറിസം വികസനം നടപ്പാക്കണം. ഈ ബഡ്ജറ്റിൽ മലബാർ മേഖല അവഗണിക്കപ്പെട്ടതിനെതിരെ പ്രക്ഷോഭങ്ങൾ നടക്കുകയാണ്. വിദ്യാഭ്യാസം, ആരോഗ്യം, മത്സ്യത്തൊഴിലാളി, ആദിവാസി തുടങ്ങിയ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് മലബാർ മേഖലയെ സംരക്ഷിക്കാൻ സർക്കാർ സന്നദ്ധമാകണം.

ശ്രീ. കെ.എൻ.എ. ഖാദർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനമാണ് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. വസ്തുതകളെ ശരിയായ രീതിയിൽ നോക്കിക്കാണാനാണ് പ്രതിപക്ഷം ശ്രമിക്കേണ്ടത്. രാഷ്ട്രീയ സമരമാണോ ആശയസമരമാണോ സാമ്പത്തിക സമരമാണോ ഇവിടെ നടത്തുന്നതെന്ന് കമ്മ്യൂണിസ്റ്റുകാർ പരിശോധിക്കണം. മാർക്സിയൻ സിദ്ധാന്തങ്ങളെ മുറുകെപ്പിടിക്കുന്നവർ അതനുസരിച്ചല്ല പ്രവർത്തിക്കുന്നത്. യാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനത്തിൽ കാര്യങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്താൻ പ്രതിപക്ഷം ശ്രമിക്കണം.

(ചർച്ച തുടരും)

**അടിയന്തരപ്രമേയ ചർച്ച**

**ടൈറ്റാനിയം മലിനീകരണ നിവാരണ പദ്ധതി**

(ട്രാവൻകൂർ ടൈറ്റാനിയം മലിനീകരണ സംവിധാനവുമായി ബന്ധപ്പെട്ട് ഉളവായിരിക്കുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണമെന്ന പ്രമേയം)

ഡോ. ടി. എം. തോമസ് ഐസക്: ട്രാവൻകൂർ ടൈറ്റാനിയം മലിനീകരണ നിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് വൻ അഴിമതിയാണ്

നടന്നിട്ടുള്ളത്. അവഗണിക്കാൻ പറ്റാത്ത ഒരു രാഷ്ട്രീയ പ്രശ്നമായി ടൈറ്റാനിയം മലിനീകരണ നിയന്ത്രണം സംബന്ധിച്ച പ്രശ്നം ഉയർന്നുവന്നിരിക്കുകയാണ്. ടൈറ്റാനിയം കമ്പനിക്ക് വൻബാദ്ധ്യത വരുന്ന പദ്ധതി മെക്കോൺ കമ്പനിക്ക് നൽകാൻ ഗൂഢാലോചനയും അധികാര ദുർവിനിയോഗവും നടത്തി എന്ന ആരോപണങ്ങൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ ഉയർന്നിട്ടുണ്ട്. 121 കോടി രൂപ ചെലവാക്കിയതിനുശേഷം ഉപേക്ഷിക്കേണ്ടിവന്ന ടൈറ്റാനിയം മലിനീകരണ നിയന്ത്രണ പദ്ധതിയുടെ നടത്തിപ്പിൽ സംസ്ഥാനത്തിന് 100 കോടിയോളം രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ഈ സ്കീം നടപ്പിലാക്കാൻ തീരുമാനമെടുത്തപ്പോൾ പരിശോധിക്കേണ്ട കാര്യങ്ങൾ പരിശോധിച്ചിരുന്നില്ല. 01-08-2005-ൽ മലിനീകരണ നിയന്ത്രണ ബോർഡ് ടി.ടി.പി.എൽ. എം.ഡി.-ക്ക് അയച്ച കത്തിൽ 12-ലധികം വൈകല്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ പദ്ധതി അംഗീകരിക്കാൻ സാധ്യമല്ല എന്ന് പറയുന്നുണ്ട്. എന്നാൽ മലിനീകരണ നിയന്ത്രണ ബോർഡ് ടി.ടി.പി.എൽ. മുന്നോട്ടുവച്ച നിർദ്ദേശ ങ്ങൾ അംഗീകരിക്കുകയും പ്രോജക്ട് തൃപ്തികരമാണെന്ന് പറയുകയും ചെയ്തു എന്നു പറഞ്ഞ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി 2005 ജനുവരി 5-ന് സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റിക്ക് കത്തയച്ചു. ആ കത്ത് അയച്ച ദിവസമാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുമതല വഹിക്കുന്ന മന്ത്രിയെ മാറ്റി മറ്റൊരു മന്ത്രിക്ക് ആ ചുമതല നൽകിയത്. മലിനീകരണ നിയ ന്ത്രണ ബോർഡിന്റെ റിപ്പോർട്ട് സർക്കാരിന് ലഭിക്കുന്നത് 2006 ഫെബ്രുവരി 6-നാണ്. ഈ സ്കീം നടപ്പിലാക്കിയാൽ സംസ്ഥാനത്തിന് നഷ്ടമുണ്ടാകുമോ ഇല്ലയോ എന്നുള്ളത് സാങ്കേതികമായി പരിശോധിച്ചിട്ടുണ്ടോ എന്നതടക്കം

സി. ആന്റ് എ. ജി. 9 കാര്യങ്ങൾ ചൂണ്ടിക്കാട്ടി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഉൽപാദിപ്പിക്കുന്നത് വിൽക്കാൻ സാധിക്കാതിരിക്കുകയും ഉൽപാദനത്തിനാവശ്യമായ സാങ്കേതികജ്ഞാനം ഇല്ലാതിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽത്തന്നെ 120 കോടി രൂപ വാർഷിക വിറ്റുവരവുള്ള കമ്പനി 256 കോടി രൂപ മുടക്കിയാൽ അത് ബുദ്ധിമുട്ടുണ്ടാക്കും എന്നാണ് സി. ആന്റ് എ. ജി.യുടെ കണ്ടെത്തൽ. ഇക്കാര്യത്തിൽ ശരിയായ പരിശോധന നടത്താതെ രാഷ്ട്രീയമായി തീരുമാനമെടുക്കുകയാണ് ചെയ്തിട്ടുള്ളത്. 2001-ൽ സംസ്ഥാന സർക്കാർ അംഗീകരിച്ച ഫെഡോയുടെ 108 കോടി രൂപയുടെ പദ്ധതി തള്ളിക്കളഞ്ഞ് മെക്കോൺ-നെ കൺസൽട്ടന്റായി നിശ്ചയിച്ചത് രാഷ്ട്രീയ ഇടപെടൽ കൊണ്ടാണ്. സുപ്രീം കോടതിയുടെ മോണിറ്ററിംഗ് കമ്മിറ്റി വന്നപ്പോൾ 10.5 കോടി രൂപവച്ച് കാര്യങ്ങൾ നടത്താനും ആസിഡ് റിക്കവറി പ്ലാന്റ് വേണോ എന്നതിനെക്കുറിച്ച് സമയമെടുത്ത് ആലോചിക്കാനും നിർദ്ദേശിച്ചു. മെക്കോണുമായി സഹകരിച്ച് പ്രവർത്തിക്കുകയാണെന്നും 256 കോടി രൂപയുടെ പദ്ധതി തീരുമാനിച്ചതായും സുപ്രീം കോടതിയുടെ മോണിറ്ററിംഗ് കമ്മിറ്റിക്ക് മുഖ്യമന്ത്രി കത്തെഴുതി. ഈ തെറ്റായ തീരുമാനത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും മുഖ്യമന്ത്രിക്ക് മാത്രമാണ്. 256 കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ 414 കോടി രൂപ വേണമെന്നാണ് മെക്കോൺ കമ്പനി ആവശ്യപ്പെട്ടത്. യു.ഡി.എഫ്. ഗവണ്മെന്റ് അംഗീകാരം നൽകിയ പദ്ധതി ചീഫ് പ്രോജക്ട് ഓഫീസർ പരിശോധന നടത്താത്തതിനെത്തുടർന്ന് അതിനുശേഷം അധികാരത്തിൽവന്ന ഇടതുപക്ഷമുന്നണി ഗവണ്മെന്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യുകയും വിജിലൻസ് എൻക്വയറി നടത്തുകയുമുണ്ടായി. രാഷ്ട്രീയമായി ഇടപെട്ടുകൊണ്ട്

സംസ്ഥാനത്തിന് 100 കോടി രൂപയുടെ നഷ്ടമുണ്ടാക്കിയ തീരുമാനമെടുത്ത മുഖ്യമന്ത്രിക്ക് ഇതിൽനിന്നും ഒഴിഞ്ഞുമാറാൻ പറ്റില്ല. മുഖ്യമന്ത്രി രാജിവച്ച് പുറത്തുപോകുകയും സി.ബി.ഐ. അന്വേഷണം നടത്തുകയും വേണം.

ശ്രീ. ടി.എൻ. പ്രതാപൻ: സംസ്ഥാനത്തിന്റെ പൊതുതാൽപര്യം സംരക്ഷിക്കാനും ടൈറ്റാനിയം കമ്പനിയെ നിലനിറുത്തുന്നതിനുംവേണ്ടി മുഖ്യമന്ത്രി കത്തയച്ചു എന്ന ഊഹാപോഹമുണ്ടാക്കി പുകമറ സൃഷ്ടിക്കുന്ന സമീപനം പൊതുജനമദ്ധ്യത്തിൽ തുറന്നുകാണിക്കുന്നതിനാണ് അടിയന്തരപ്രമേയം ചർച്ചയ്ക്കെടുത്തത്. ടൈറ്റാനിയത്തിന്റെ മലിനീകരണപ്രശ്നം കാലങ്ങളായി തുടരുന്നതാണ്. ശാസ്ത്രീയമായ മലിനീകരണ നിയന്ത്രണം സ്വീകരിക്കാതിരുന്ന സ്ഥാപനത്തിനെതിരെ ബഹുജനപ്രക്ഷോഭം ഉയർന്ന സാഹചര്യത്തിൽ സുശീലാ ഗോപാലൻ വ്യവസായ മന്ത്രിയായിരുന്ന കാലത്ത് നിയമിച്ച എ.ഡി. ദാമോദരൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു പദ്ധതി തയ്യാറാക്കിത്. ഫാക്ടിന്റെ കീഴിലുള്ള 'ഫെഡോ' സമർപ്പിച്ച 108.3 കോടി രൂപയുടെ മാലിന്യ പ്ലാന്റുകൾ നവീകരിക്കാനുള്ള പ്രോജക്ട് നടപ്പാക്കിയാൽ ടൈറ്റാനിയം കമ്പനി അടച്ചുപൂട്ടേണ്ടി വരുമെന്നും പ്രോജക്ട് വയബിളല്ലെന്നും സി.ഐ.ടി.യു. ഉൾപ്പെടെയുള്ള തൊഴിലാളി യൂണിയനുകൾ ഒറ്റക്കെട്ടായി എതിർത്തതിന്റെ അടിസ്ഥാനത്തിലാണ് ഫെഡോയുടെ പ്രോജക്ട് വേണ്ടെന്ന് വയ്ക്കുകയും കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള സ്ഥാപനത്തെ ഡി.പി.ആർ. തയ്യാറാക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തത്. എ.ഡി. ദാമോദരൻ കമ്മിറ്റി തയ്യാറാക്കിയ ഡി.പി.ആർ.-ന്റെ അടിസ്ഥാനത്തിലാണ് 126 കോടി രൂപയുടെ എക്സ്പാൻഷൻ ഉൾപ്പെടെ 256 കോടി രൂപയുടെ പ്രോജക്ട് മെക്കോൺ കൺസൾട്ടിംഗ് ഏജൻസിക്ക് കൊടുത്തത്.

കേന്ദ്രഗവണ്മെന്റ് സ്ഥാപനമായ മെക്കോൺ ആഗോള ടെണ്ടർ ക്ഷണിച്ച് അതിൽ L1 ആയി വന്ന സ്ഥാപനത്തെ നവീകരണത്തിനുവേണ്ടി ചുമതലപ്പെടുത്തി 65 കോടി രൂപയുടെ എൽ.സി. റിലീസ് ചെയ്തത് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്താണ്. ഈ പൊതുമേഖലാ സ്ഥാപനം നിലനിറുത്താൻവേണ്ടി സുപ്രീംകോടതി നിയമിച്ച ഹൈപവർ കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പൊല്യൂഷൻ നിയന്ത്രിക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞുകൊണ്ട് കത്തെഴുതിയ മുഖ്യമന്ത്രിയെ അഭിനന്ദിക്കുകയാണ്. ഇതിനെതിരെ പരാതികൾ ഉണ്ടായെങ്കിലും കഴിഞ്ഞ ഗവണ്മെന്റ് അന്വേഷണം നടത്തിയിട്ടില്ല. മുഖ്യമന്ത്രി സുപ്രീംകോടതിയുടെ ഉന്നതാധികാര സമിതിക്ക് അയച്ച കത്ത് ഒരു രഹസ്യരേഖയല്ല. ഇവിടെ ബോധപൂർവ്വം തെറ്റിദ്ധാരണ പരത്താൻ പ്രതിപക്ഷം ശ്രമിക്കുകയാണ്.

ശ്രീ. വി. ശിവൻകുട്ടി : ടൈറ്റാനിയത്തിന്റെ മലിനീകരണ പ്രശ്നത്തിന് പരിഹാരമെന്ന നിലയിൽ 108 കോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഫെഡോയ്ക്ക് നൽകിയത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ നേരിട്ടുള്ള നിർദ്ദേശപ്രകാരം റദ്ദ് ചെയ്തതിനെത്തുടർന്ന് കൺസൾട്ടൻസിയായ മെക്കോൺ ഇന്ത്യ ലിമിറ്റഡ് 256 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചു. എന്നാൽ ഫിൻലാൻഡ് കമ്പനിയായ കെമട്ടോർ ഇക്കോ പ്ലാനിംഗ് കമ്പനിക്ക് ഈ വർക്ക് കൊടുക്കാൻ തീരുമാനിക്കുകയാണുണ്ടായത്. ഈ പദ്ധതിക്ക് ലോകായുക്ത സ്റ്റേ നൽകിയെങ്കിലും ഗവൺമെന്റ് പ്രത്യേക താൽപര്യമെടുത്ത് സ്റ്റേ നീക്കിയതിന്റെ ഫലമായി ടൈറ്റാനിയം കമ്പനി 256 കോടി രൂപയുടെ പദ്ധതിയുമായി മുന്നോട്ട് പോകുന്ന സാഹചര്യമുണ്ടായി. പദ്ധതി നിർദ്ദേശം സമിതിയുടെയോ മന്ത്രിസഭയുടെയോ പൊല്യൂ

ഷൻ കൺട്രോൾ ബോർഡിന്റെയോ അംഗീകാരമില്ലാതെ മുഖ്യമന്ത്രി തന്നെ അതീവ താൽപര്യമെടുത്ത് മോണിട്ടറിംഗ് കമ്മിറ്റി ചെയർമാന് ഡി.ഒ.ലെറ്റർ അയയ്ക്കുകയുണ്ടായി. പദ്ധതിക്ക് അംഗീകാരം കിട്ടിയ സന്ദർഭത്തിലാണ് ആരോഗ്യവകുപ്പുമന്ത്രി ശ്രീ.കെ.കെ.രാമചന്ദ്രൻ മാസ്റ്റർ രാജിവച്ചതും ഇതിലെ അഴിമതിയെക്കുറിച്ച് ആരോപണം ഉന്നയിക്കാൻ തയ്യാറായതും. എൽ.ഡി.എ ഫ്.അധികാരത്തിൽ വന്നപ്പോൾ ഇതിനെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചെന്നൈ ഐ.ഐ.ടി.യിലെ പ്രൊഫസർ ഡോ. പുഷ്പവ നത്തെ കമ്മീഷനായി നിയമിക്കുകയും ഒരു കാരണവശാലും ഈ പദ്ധതി നട പ്പിലാക്കാൻ കഴിയില്ലെന്നും നടപ്പിലാക്കിവരുമ്പോൾ 500 കോടി രൂപയുടെ ചെലവ് വരുമെന്നും കമ്മീഷൻ റിപ്പോർട്ട് നൽകുകയും ചെയ്തു. സാമ്പ ത്തിക കാര്യങ്ങൾ പരിശോധിക്കുന്ന കിറ്റ്കോ 256 കോടി രൂപയുടെ പദ്ധതി വസ്തുതാപരമല്ലെന്നും യഥാർത്ഥ ചെലവ് 414 കോടി രൂപയാകുമെന്നും റിപ്പോർട്ട് ചെയ്തു. ഇതിന്റെ ഫലമായി വലിയൊരു സാമ്പത്തിക ബാധ്യത യാണ് വന്നുഭവിച്ചത്. പദ്ധതിക്ക് വിവിധ ബാങ്കുകളിൽ നിന്ന് 68 കോടി രൂപ യും ഓൺ ഫണ്ടിൽ നിന്നും 50 കോടി രൂപയുംകൂടി ചെലവഴിക്കേണ്ട സാഹ ചര്യം വന്നു. 68 കോടി രൂപയ്ക്ക് ഇപ്പോഴും പലിശ ഗവൺമെന്റ് നൽകിക്കൊ ണ്ടിരിക്കുകയാണ്. 100 കോടി രൂപയുടെ അഴിമതിയെ സംബന്ധിച്ച് സി.ബി. ഐ.അന്വേഷണം നടത്തണം.

ശ്രീ. കെ.എൻ.എ.ഖാദർ : പരിസ്ഥിതി മലിനീകരണം ഏറ്റവും രൂക്ഷ മായി അനുഭവപ്പെട്ട സാഹചര്യത്തിലാണ് ടൈറ്റാനിയം കമ്പനിക്കെതിരെ ജനങ്ങൾ പ്രക്ഷോഭത്തിലേക്ക് വന്നതും ഇങ്ങനെയൊരു പ്രോജക്ടു ണ്ടായതും. 108 കോടി രൂപയുടെ ഈ പ്രോജക്ട് മുന്നോട്ട് പോയത് ഇടതു മുന്നണിയുടെ ഭരണകാലത്താണ്. ബാങ്ക് കൺസോർഷ്യത്തിൽ നിന്ന്

വായ്പ വാങ്ങാനുള്ള അനുമതി കമ്പനിക്കുണ്ടായിരുന്നു. വായ്പ തിരിച്ചട യ്ക്കുന്നതിനുവേണ്ടി ഉല്പാദനം 100 ടണ്ണായി ഉയർത്തുന്നതിന് സഹായകര മായ എക്സ്പാൻഷൻ ആന്റ് ഡെവലപ്മെൻറ് പ്രോജക്ടാണ് വാസ്തവ ത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചത്. ഈ പദ്ധതി 129 കോടി രൂപയുടെ ആദ്യ ഘട്ടവും 127 കോടി രൂപയുടെ രണ്ടാം ഘട്ടവുമായിട്ടാണ് ആവിഷ്ക്കരിച്ചത്. 2008 വരെ ഈ പ്രോജക്ടിനെതിരെ ഒരു തർക്കവും ആരും ഉന്നയിച്ചിട്ടില്ല. ഏഴ് ദിവസത്തിനുള്ളിൽ ടൈറ്റാനിയം കമ്പനി അടച്ചുപൂട്ടണമെന്ന നിർദ്ദേശം വന്നപ്പോൾ വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കുമെന്നുള്ളതുകൊണ്ട് കമ്പനി നിലനിറുത്തുന്നതിനായി സുപ്രീം കോടതിയുടെ മോണിട്ടറിംഗ് കമ്മി റ്റിക്ക് മുഖ്യമന്ത്രി നേരിട്ട് കത്തയച്ചതിൽ യാതൊരു തെറ്റുമില്ല. സുതാര്യമായ ഭരണവും ന്യായമായ നടപടികളുമാണിവിടെ നടക്കുന്നത്.

ശ്രീ. സി. കെ. നാണു: ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ 256 കോടി രൂപയുടെ ഇടപാടുകളെ സംബന്ധിച്ച് അന്വേഷിക്കുവാൻ കേന്ദ്ര ഗവൺമെന്റിന്റെ നിയമ മന്ത്രാലയം സംസ്ഥാന ചീഫ് സെക്രട്ടറിക്ക് കത്ത യച്ചിരുന്നോ എന്ന് വ്യക്തമാക്കുകയും മുഖ്യമന്ത്രി മോണിട്ടറിംഗ് കമ്മിറ്റിക്ക് കത്തയച്ചത് നിയമപരമാണോ എന്ന് പരിശോധിക്കുകയും വേണം. ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ മലിനീകരണ നിവാരണ പദ്ധതിയെ സംബന്ധിച്ച് പരിശോധിക്കണം. കേന്ദ്ര സംസ്ഥാന ഉദ്യോഗസ്ഥരുടെ നിർദ്ദേ ശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കണം.

ശ്രീ. എ. എ. അസീസ്: ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ മാലിന്യ നിയന്ത്രണം സംബന്ധിച്ച് മെക്കോൺ കമ്പനി സമർപ്പിച്ച 256 കോടി രൂപയുടെ പദ്ധതി ഫെബ്രുവരി 19-ന് അംഗീകരിക്കുകയും മേയ് 19

-ന് പദ്ധതി നടപ്പാക്കുന്നതിന് ഉത്തരവിറക്കുകയും ചെയ്തു. മറ്റൊരു കമ്പനി നല്കിയ 108 കോടി രൂപയുടെ പദ്ധതി നിരസിച്ചുകൊണ്ടാണ് മെക്കോൺ കമ്പനിക്ക് 414 കോടി രൂപയുടെ പദ്ധതി നൽകിയത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ മെക്കോൺ കമ്പനി സബ് കോൺട്രാക്ടായി ഒരു സ്വകാര്യ കമ്പനിയെയാണ് ഈ പദ്ധതി ഏല്പിച്ചത്. 62 കോടി രൂപ മുടക്കി ഇറക്കുമതി ചെയ്ത ഉപകരണങ്ങൾ ഈ കമ്പനി വളപ്പിൽ ഇപ്പോഴും ഉപയോഗശൂന്യമായി കിടക്കുന്നു. നടപ്പാക്കാത്ത പദ്ധതിക്ക് കൺസൾട്ടിംഗ് ഫീസായി 9 കോടി രൂപ കൊടുത്തിട്ടുണ്ട്. അന്നത്തെ മുഖ്യമന്ത്രി മെക്കോൺ കമ്പനിക്കുവേണ്ടി അമിത താല്പര്യം പ്രകടിപ്പിച്ചുവെന്നതാണ് ആരോപണം. സംഭവങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കണം.

<u>ശ്രീ. എ.കെ. ശശീന്ദ്രൻ</u>: അന്നത്തെ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ചുമതലക്കാരനായ മന്ത്രിയെ വകുപ്പിൽനിന്നും മാറ്റി മറ്റൊരു മന്ത്രിയെ ചുമതല ഏല്പിച്ച ദിവസം തന്നെയാണ് ഡോ. ത്യാഗരാജൻ മോണിട്ടറിംഗ് കമ്മിറ്റിക്ക് മുഖ്യമന്ത്രി കത്തയയ്ക്കുന്നത്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ എതിർപ്പുകൾ കണക്കിലെടുത്ത് മെക്കോൺ കമ്പനിയെ ഈ ചുമതല ഏല്പിക്കാൻ ഉത്തരവാദിത്തമുള്ള ആരും തീരുമാനമെടുക്കാതിരുന്ന സന്ദർഭത്തിലാണ് മുഖ്യമന്ത്രിക്ക് ആ കമ്പനിയിൽ എന്തോ താല്പര്യമുണ്ടെന്ന് തോന്നുന്നവിധത്തിൽ കത്ത് നൽകിയത്. ഈ ആരോപണങ്ങൾ സംബന്ധിച്ച് ഉചിതമായ ഒരു അന്വേഷണം നടത്താൻ മുഖ്യമന്ത്രി തയ്യാറാവുകയും മാതൃക കാണിക്കുകയും വേണം.

ചീഫ് വിപ്പ് (<u>ശ്രീ. പി. സി. ജോർജ്</u>): ടൈറ്റാനിയം ഫാക്ടറിയിൽനിന്നുള്ള സൾഫ്യൂറിക് ആസിഡ് കടലിലേക്ക് ഒഴുകി മത്സ്യത്തൊഴിലാ

ളികൾക്ക് കടലിലിറങ്ങാൻ കഴിയാത്ത സാഹചര്യമുണ്ടായപ്പോൾ ഈ പ്രതിസന്ധിയിൽനിന്ന് രക്ഷിക്കണമെന്നാവശ്യപ്പെട്ട് മത്സ്യത്തൊഴിലാളികൾ മുഖ്യമന്ത്രിയെ സമീപിക്കുകയും ത്യാഗരാജൻ മോണിട്ടറിംഗ് കമ്മിറ്റിക്ക് അദ്ദേഹം കത്തെഴുതുകയും ചെയ്തു. 1997-ലാണ് ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡിൽ മലിനീകരണ നിവാരണ പദ്ധതി നടപ്പാക്കുന്നതുസംബന്ധിച്ച് ആധികാരികമായി ഡോ. എ. ഡി. ദാമോദരന്റെ റിപ്പോർട്ട് വരുന്നത്. സുപ്രീംകോടതിയുടെ റിപ്പോർട്ടനുസരിച്ച് പദ്ധതി നടപ്പാക്കിയില്ലെങ്കിൽ കമ്പനി പൂട്ടണമെന്ന അവസ്ഥ വന്നുചേർന്ന ഘട്ടത്തിലാണ് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മലിനീകരണ നിയന്ത്രണ സംവിധാനത്തിനും വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കാൻ മെക്കോൺ എന്ന കമ്പനിയെ ഏൽപ്പിച്ചതും ഫസ്റ്റ് ഫെയ്സായി 129 കോടി രൂപയുടെയും സെക്കന്റ് ഫെയ്സായി 127 കോടി രൂപയുടെയും പദ്ധതി തയ്യാറാക്കിയതും. സി.ഐ.ടി.യു. ഉൾപ്പടെ എല്ലാ യൂണിയനുകളും അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെ കണ്ടതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റി അദ്ധ്യക്ഷന് കത്ത് കൊടുത്തത്. ന്യൂട്രലൈസേഷൻ പ്ലാന്റിന്റെ 32 കോടി രൂപയുടെ പ്രോജക്ട് 01-03-2011-ൽ അംഗീകരിച്ചതും എട്ട് കോടി രൂപയുടെ എ.എസ്. നൽകിയതും എൽ.ഡി.എഫ്. ഗവൺമെന്റാണ്. ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: ട്രാവൻകൂർ ടൈറ്റാനിയം കമ്പനി 2001-ൽ 108 കോടി രൂപയുടെ മലിനീകരണ നിയന്ത്രണത്തിനാവശ്യമായ ഒരു പദ്ധതി ഫെഡോ എന്ന പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിച്ചിരിക്കെയാണ് 2006-ൽ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പായി ഇതേ ആവശ്യത്തിനുവേണ്ടി

മെക്കോൺ എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ 256 കോടി രൂപയുടെ ഒരു പ്രോജക്ട് ഏൽപ്പിച്ചത്. കേവലം 120 കോടി രൂപ ടേൺ ഓവറും 56 കോടി രൂപയുടെ ആസ്തിയുമാണ് ഈ കമ്പനിക്കുള്ളത്. പൊതുമേഖലാ സ്ഥാപനമായ മെക്കോൺ വിദേശ സ്വകാര്യ കമ്പനികളെ ഏൽപിച്ചാണ് പ്രവൃത്തികളെല്ലാം നടത്തിയിരുന്നത്. അന്താരാഷ്ട്ര തലത്തിലുള്ള കോർപ്പറേറ്റ് കമ്പനികളെ പിൻവാതിലിലൂടെ കൊണ്ടുവന്ന് കമ്മീഷൻ പറ്റുന്ന ഏർപ്പാടാണ് ഇവർ നടത്തിക്കൊണ്ടിരുന്നത്. എത്രയും വേഗം പദ്ധതി നടപ്പാക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റി അദ്ധ്യക്ഷന് കത്തെഴുതുകയും തുടക്കത്തിൽ പദ്ധതി നടപ്പാക്കാൻ അനുമതി നൽകാതിരുന്ന മലിനീകരണ നിയന്ത്രണ ബോർഡിനെക്കൊണ്ട് അനുകൂല നടപടി സ്വീകരിപ്പിക്കുകയും ചെയ്തു. ഈ പദ്ധതി നടപ്പാക്കിയാൽ സാങ്കേതികമായും സാമ്പത്തികമായും കമ്പനി പൊളിഞ്ഞുപോകുമെന്ന് ചാർട്ടേർഡ് അക്കൗണ്ടന്റ് അറിയിച്ചതിനെത്തുടർന്ന് കമ്പനി എക്സ്പാൻഷൻ എന്നു കൂടി ചേർത്ത് കൃത്രിമമായി ലാഭത്തിന്റെ കണക്കുണ്ടാക്കി ഈ പ്രോജക്ട് അംഗീകരിക്കുകയാണുണ്ടായത്. മൂന്ന് ഘട്ടങ്ങളിലായി നടക്കേണ്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അവസാന ഘട്ടത്തിൽ ഉപയോഗിക്കേണ്ട 62 കോടി രൂപയുടെ യന്ത്രസാമഗ്രികൾ ആദ്യഘട്ടത്തിൽ ഇറക്കുമതി ചെയ്തതുമൂലം അവ തുരുമ്പെടുത്ത് നശിക്കുന്ന സാഹചര്യവുമുണ്ടായി. 256 കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ കഴിയാതെ 100 കോടി രൂപയോളം സംസ്ഥാനത്തിന് നഷ്ടമുണ്ടാക്കി. പദ്ധതി നടത്തിപ്പിനായി ഒരു പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിച്ചുവെന്നതിന്റെ മറവിൽ കോടിക്കണക്കിന് രൂപയുടെ യന്ത്രസാമഗ്രികൾ ഇറക്കുമതി ചെയ്ത് ഖജനാവിന് വൻനഷ്ടമുണ്ടാ

ക്കിയിരിക്കുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രി തൽസ്ഥാനം രാജിവച്ച് സി. ബി.ഐ. അന്വേഷണം നേരിടണം.

ശ്രീ. പി.സി. വിഷ്ണുനാഥ് : ടൈറ്റാനിയം ഫാക്ടറി പൂട്ടുമെന്ന ഘട്ടത്തിലാണ് മുഖ്യമന്ത്രി മോണിറ്ററിംഗ് കമ്മിറ്റിക്ക് കത്തെഴുതിയത്. എ.ഡി. ദാമോദരൻ ചെയർമാനായ കമ്മിറ്റിയുടെ റിപ്പോർട്ട് വന്നതിനെത്തുടർന്ന് 50 കോടി രൂപയുടെപോലും അറ്റാദായമില്ലാത്ത കമ്പനിക്ക് ഇടതുമുന്നണി ഗവൺമെന്റിന്റെ കാലത്താണ് 108 കോടി രൂപയുടെ പ്രോജക്ട് അംഗീകരിച്ച് ഉത്തരവ് നൽകിയത്. കമ്പനി അടച്ചുപൂട്ടുമെന്ന സാഹചര്യത്തിലാണ് ഉൽപ്പാദനശേഷി വർദ്ധിപ്പിച്ച് വൈവിധ്യവത്ക്കരണവും മോഡേണൈസേഷനും നടപ്പാക്കണമെന്ന തൊഴിലാളി സംഘടനകളുടെ ആവശ്യം അംഗീകരിച്ച് ഫെഡോയെ മാറ്റി മറ്റൊരു കമ്പനിക്ക് പ്രോജക്ട് നൽകുന്നത്. ഗ്ലോബൽ ടെണ്ടറിന്റെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തി കമ്പനി പൂട്ടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണുണ്ടായത്. പർച്ചേസിംഗ് ഓർഡർ കൊടുത്ത് വാങ്ങിയ സാധനങ്ങൾ ഉപയോഗിക്കാതിരുന്നതിനെത്തുടർന്ന് തുരുമ്പെടുത്ത് നശിച്ചതിന്റെ ഉത്തരവാദിത്തം എൽ.ഡി.എഫ്. ഗവൺമെന്റിനാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ഒരു വർഷത്തേക്ക് മാത്രമായി കൊടുത്തിരുന്ന എൽ.സി. റിന്യൂ ചെയ്യാൻ തീരുമാനിച്ചത് കഴിഞ്ഞ സർക്കാരാണ്. 32 കോടി രൂപ വിലയുള്ള ന്യൂട്രലൈസേഷൻ പ്ലാന്റിന് എൽ.ഡി.എഫ്. സർക്കാർ കൊടുത്തത് 42 കോടി രൂപയാണ്. ആയിരത്തോളംവരുന്ന തൊഴിലാളികളെ രക്ഷിക്കുന്നതിനും കമ്പനി പൂട്ടാതിരിക്കുന്നതിനുംവേണ്ടിയുള്ള പ്രവർത്തനങ്ങൾ മാത്രമേ യു. ഡി.എഫ്. ഗവൺമെന്റ് നടത്തിയിട്ടുള്ളൂ. വസ്തുതാപരമല്ലാത്ത കാര്യങ്ങൾ പ്രചരിപ്പിക്കുന്നത് അവസാനിപ്പിക്കണം.

ശ്രീ. എളമരം കരീം : ടൈറ്റാനിയം മാലിന്യ നിർമ്മാർജ്ജന പദ്ധതിയുമായി ബന്ധപ്പെട്ട അഴിമതി പ്രശ്നത്തിൽ മുഖ്യമന്ത്രി എഴുതിയതെന്ന് പറയുന്ന കത്തിൽ മെക്കോൺ എന്ന പേര് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. 19-05-2005-ലാണ് 256.1 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് ഉത്തരവിറക്കിയത്. നിയമസഭാ തെരഞ്ഞെടുപ്പിന്റെ തൊട്ടുതലേദിവസമാണ് കൺസൾട്ടന്റുമാരുമായുള്ള എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നത്. കമ്പനിയുടെ വികസന പദ്ധതികൂടി ചേർത്തതുകൊണ്ട് തുക കൂടിയെന്നാണ് എഗ്രിമെന്റിൽ പറയുന്നത്. കമ്പനിയുടെ വാർഷിക ഉല്പാദനം 21500 ടണ്ണിൽനിന്ന് 33000 ടണ്ണാക്കി ഉയർത്തുക എന്ന പ്രൊപ്പോസൽ ഇതിലുണ്ട്. 2005-06 വർഷം കമ്പനി 15 കോടി രൂപ നഷ്ടത്തിലായിരുന്നു. കേരളത്തിന്റെ കടൽത്തീരത്തുനിന്ന് റാ-മെറ്റീരിയൽസ് ലഭിക്കാൻ പ്രയാസമായിട്ടുള്ള സാഹചര്യത്തിൽ അപ്രായോഗികമായ എക്സ്പാൻഷൻ പ്രോജക്ട് ഇതിൽ ചേർത്തത് അഴിമതി നടത്തുക എന്ന ഉദ്ദേശ്യത്തോടെയാണ്. മെക്കോൺ-നെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് കേന്ദ്ര ഗവൺമെന്റിന് എൽ.ഡി.എഫ്. സർക്കാർ കത്തെഴുതുകയുണ്ടായി. ഫെഡോ സമർപ്പിച്ച 108.3 കോടി രൂപയുടെ പ്രോജക്ടിന് ഗവൺമെന്റ് ഓർഡർ ഇഷ്യൂ ചെയ്തത് അന്നത്തെ എൽ.ഡി.എഫ്. സർക്കാരാണെങ്കിലും ആ പ്രോജക്ട് എക്സ്പാൻഷനുംകൂടി ചേർത്ത് റിവൈസ് ചെയ്ത് 256.1 കോടി രൂപയുടെ പ്രോജക്ടാക്കി മാറ്റിയത് യു.ഡി.എഫ്. സർക്കാരാണ്. മെക്കോൺ 12-01-2005 -ൽ ഗവൺമെന്റിന് സമർപ്പിച്ച ബേസിക് പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഡോക്യുമെന്റ്സ് 11-03-2005-നാണ് അംഗീകരിച്ചത്. ഈ പ്രോജക്ട് സംബന്ധിച്ച് ഗൗരവതരമായ ഒരു പരാതിയും കഴിഞ്ഞ ഗവൺമെന്റിന് ലഭിച്ചിട്ടില്ല. സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരവും കേരള

ഹൈക്കോടതിയുടെ ഉത്തരവനുസരിച്ചും മാലിന്യ നിർമ്മാർജ്ജന പദ്ധതി പൂർത്തീകരിക്കുന്നില്ലെങ്കിൽ കമ്പനി അടച്ചുപൂട്ടേണ്ടതാണെന്ന അന്ത്യശാസനത്തിന്റെ അടിസ്ഥാനത്തിൽ ട്രേഡ് യൂണിയനുകൾ ഗവൺമെന്റിന് നൽകിയ നിവേദനത്തിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കി കമ്പനിയെ രക്ഷിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. ആ സന്ദർഭത്തിൽ ഗവൺമെന്റിന് മുമ്പിൽ ഒരു പരാതി ഇല്ലാതിരുന്നതുകൊണ്ട് പദ്ധതി പ്രവർത്തനവുമായി മുമ്പോട്ടുപോയി. പ്രവൃത്തി തുടരവെ മെക്കോൺ റിവൈസ്ഡ് എസ്റ്റിമേറ്റുമായി കമ്പനിയെ സമീപിക്കുകയുണ്ടായി. സി.ആന്റ് എ.ജി.-യുടെ ഓഡിറ്റ് പാരയിലുണ്ടായ പരാമർശങ്ങൾ സംബന്ധിച്ച് അന്വേഷിക്കുന്നതിനായി ചേർന്ന ഉന്നതതലയോഗത്തിൽ ഈ എഗ്രിമെന്റിന് അംഗീകാരം നൽകുമ്പോൾ ഇതിന്റെ കോസ്റ്റ് സംബന്ധിച്ച വർക്ക്ഷീറ്റ് പരിശോധിച്ച് അംഗീകാരം കൊടുത്തിരുന്നോ എന്ന ചോദ്യത്തിന് ജനറൽ മാനേജർ പറഞ്ഞ മറുപടി പൊളിറ്റിക്കൽ പ്രഷർ ഉണ്ടായിരുന്നതുകൊണ്ട് വേഗത്തിൽ അംഗീകാരം കൊടുക്കുകയായിരുന്നുവെന്നാണ്. ആ ഉദ്യോഗസ്ഥനെ അന്നുതന്നെ സസ്പെന്റ് ചെയ്യുകയും കിറ്റ്കോ സമർപ്പിച്ച ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് പരിശോധിക്കുന്നതിനായി മദ്രാസ് ഐ.ഐ.ടി.യിലെ കെമിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ തലവൻ അദ്ധ്യക്ഷനായ ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. സാമ്പത്തികമായും സാങ്കേതികമായും ഈ പദ്ധതി നടപ്പാക്കാവുന്നതല്ല എന്ന കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ 80 കോടി രൂപയുടെ ചെലവുകുറഞ്ഞ ഒരു പദ്ധതി നടപ്പാക്കാൻ 2011-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയും കമ്പനിക്ക് അതിനുള്ള അനുവാദം നൽകുകയും ചെയ്തു. ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിന്റെയും മറ്റ് വിവരങ്ങളുടേയും അടിസ്ഥാന

ത്തിൽ കരാർ റദ്ദുചെയ്യുകയും ഇതിലേർപ്പെട്ടിരിക്കുന്നത് വിദേശ കമ്പനികളും ദേശീയാടിസ്ഥാനത്തിലുള്ള കമ്പനികളുമായതുകൊണ്ട് സി.ബി.ഐ. അന്വേഷണം വേണമെന്ന് ക്യാബിനറ്റ് ശുപാർശ ചെയ്ത് കേന്ദ്ര ഗവൺമെന്റിന് കത്തയച്ചുവെങ്കിലും രണ്ട് പ്രാവശ്യവും നിരസിക്കുകയാണുണ്ടായത്. ഇതിലെ സത്യാവസ്ഥ വെളിച്ചത്തുകൊണ്ടുവരാൻ മുഖ്യമന്ത്രി തൽസ്ഥാനത്തുനിന്ന് മാറിനിന്നുകൊണ്ട് സി.ബി.ഐ. അന്വേഷണം നടത്താൻ സന്നദ്ധമാകണം. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് യന്ത്രസാമഗ്രികൾ ഇറക്കുമതി ചെയ്തുവെങ്കിലും ലെറ്റർ ഓഫ് ക്രെഡിറ്റ് ഓപ്പൺ ചെയ്തതും അഡ്വാൻസ് കൊടുത്തതും മെക്കോൺ കമ്പനിക്ക് കൺസൾട്ടൻസി ഫീസ് നൽകിയതും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അതിനുശേഷം പ്രവൃത്തി നടത്തിയത് സംബന്ധിച്ച് ആക്ഷേപമുണ്ടെങ്കിൽ സി.ബി.ഐ. അന്വേഷണത്തിൽ പ്രവൃത്തി ആരംഭിച്ച കമ്പനിയുടെ നടപടികൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്വേഷണം നടത്താൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഈ പ്രശ്നത്തിൽനിന്ന് ഒളിച്ചോടാൻ ഗവൺമെന്റ് ശ്രമിക്കുകയില്ല. കഴിഞ്ഞ ഗവൺമെന്റാണ് കരാർ നടപ്പിലാക്കുന്നതിന് ശുഷ്ക്കാന്തി കാണിച്ചത്. കരാറുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള തീരുമാനമെടുത്തത് തെരഞ്ഞെടുപ്പ് അടുത്ത സമയത്ത് അവസാനത്തെ ക്യാബിനറ്റിലാണ്. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് വളരെ തെറ്റായ പ്രചരണമാണ് നടക്കുന്നത്. മലിനീകരണ പ്രശ്നവുമായി ബന്ധപ്പെട്ട് ഡോ. ജി. ത്യാഗരാജൻ ചെയർമാനായി ഉന്നതാധികാരത്തോടെ സുപ്രീംകോടതി നിയോഗിച്ച മോണിറ്ററിംഗ് കമ്മിറ്റി ധാരാളം ഫാക്ടറികൾ പൂട്ടിക്കുകയുണ്ടായി. എറണാകുളം-ഏലൂർ

പ്രദേശത്തെ ഫാക്ടറികളുടെ പൂട്ടൽ സംബന്ധിച്ച പ്രശ്നത്തിൽ ട്രേഡ് യൂണിയൻ നേതാക്കളുമായും ഡോ. ജി. ത്യാഗരാജനുമായും ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഒരു കോമൺ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് പരിഹാരം കാണുകയുണ്ടായി. അതിനുശേഷം ടി.ടി.പി.-യുടെ പ്രശ്നം വരികയും ഏഴ് ദിവസത്തിനകം കമ്പനി പൂട്ടണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. ഏപ്രിൽ 26-ന് ഫാക്ടറി പൂട്ടേണ്ട തീയതിക്ക് രണ്ട് ദിവസം മുമ്പായി ഫാക്സ് സന്ദേശത്തിലൂടെ റെസിഡന്റ് കമ്മീഷണറോട് അവരെ കോൺടാക്ട് ചെയ്യണമെന്ന് ആവശ്യപ്പെടുകയും മുഖ്യമന്ത്രിയുടെ കത്ത് മാനിച്ച് ടൈറ്റാനിയം ഫാക്ടറി ക്ലോസ് ചെയ്യുന്ന നടപടി തൽക്കാലത്തേക്ക് നിറുത്തിവയ്ക്കുകയാണെന്ന് ഗവൺമെന്റിനെ അറിയിക്കുകയുമുണ്ടായി. മേയ് 11-ാം തീയതി മോണിറ്ററിംഗ് കമ്മിറ്റി തിരുവനന്തപുരത്ത് വരുന്നുണ്ടെന്നും ചീഫ് മിനിസ്റ്ററെ കാണണമെന്നും അറിയിച്ചെങ്കിലും അസൗകര്യം അറിയിച്ച് കത്തയയ്ക്കുകയാണുണ്ടായത്. മോണിറ്ററിംഗ് കമ്മിറ്റി ചെയർമാന് മൂന്ന് കത്തുകളാണ് അയച്ചിട്ടുള്ളത്. ഒന്നാമത്തെ കത്തിൽ തൊഴിലാളികൾ ഹൈക്കോടതിയെ സമീപിച്ചെന്നും 2006 ഏപ്രിൽ 16-ാം തീയതിവരെ സമയം തന്നുകൊണ്ടുള്ള ഓർഡർ ലഭിക്കുകയുണ്ടായെന്നും അതിനനുസരിച്ച് സമയം ദീർഘിപ്പിച്ചുതരണമെന്നും ആവശ്യപ്പെടുകയുണ്ടായി. രണ്ടാമത്തെ റിക്വസ്റ്റ് ടൈറ്റാനിയത്തിന്റെ എം.ഡി.-ക്ക് ഒരു പേഴ്സണൽ ഹിയറിംഗ് നടത്താനുള്ള അവസരം കൊടുക്കണമെന്നുള്ളതായിരുന്നു. മെക്കോൺ എന്ന കമ്പനിയുടെ പേര് എഴുതിയിരിക്കുന്നത് ക്രെഡിബിലിറ്റി കൂട്ടാൻ വേണ്ടിയും അവരുടെ സംരംഭം തുടങ്ങിക്കഴിഞ്ഞുവെന്ന് അറിയിക്കുന്നതിനുംവേണ്ടിയാണ്. ടി.ടി.പി. പൂട്ടാതിരുന്നത് ഈയൊരു

കത്തിന്റെ പേരിലാണെന്ന കാര്യത്തിൽ അഭിമാനമുണ്ട്. അതിന്റെ ഉത്തരവാദിത്വം ഏൽക്കാനുള്ള തന്റേടവുമുണ്ട്. കമ്പനി പൂട്ടാനുള്ള സാധ്യതയുള്ളതിനാൽ മുഖ്യമന്ത്രി ഇടപെടണമെന്ന് തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രശ്നത്തിൽ ഇടപെട്ടത്. കഴിഞ്ഞ ഗവൺമെന്റ് ഇത്രയധികം പ്രശ്നമുള്ള ഒരു എഗ്രിമെന്റ് തുടരാൻ തീരുമാനിച്ചതും പ്രോജക്ട് ഉദ്ഘാടനം ചെയ്യാൻ ധാരാളം തുക ചെലവഴിച്ചതും ശരിയായ നടപടിയല്ല. ഈ പ്രോജക്ടിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരം 08-02-2006-ന് കിട്ടിയിട്ടുണ്ട്, അതിന്റെ രേഖ മേശപ്പുറത്തുവയ്ക്കാൻ തയ്യാറാണ്. ഈ പ്രോജക്ടിനുവേണ്ടി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് യാതൊരുവിധ സാധനസാമഗ്രികളും വാങ്ങിയിട്ടില്ല. ഒരു കേസ് സി.ബി.ഐ. അന്വേഷിക്കണമെങ്കിൽ അത് നോട്ടിഫൈ ചെയ്യണമെന്ന നടപടിക്രമം എൽ.ഡി.എഫ്. ഗവൺമെന്റ് പാലിച്ചിട്ടില്ല. അഞ്ച് വർഷം അധികാരത്തിലിരുന്നിട്ടും ഇതുസംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്തി നിജസ്ഥിതി മനസ്സിലാക്കാനുള്ള ശ്രമം ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തിയിട്ടില്ല. ഇതുസംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്തിയശേഷം സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടാൻ സാധിക്കാതെ ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഇപ്പോൾ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടാൻ സാദ്ധ്യമല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സി.ബി.ഐ. അന്വേഷണം നടത്തണമെന്ന പ്രതിപക്ഷ ആവശ്യം പരിഗണിക്കാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പ സമയത്തിനുള്ളിൽ തിരിച്ചുവരികയും ചെയ്തു.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സി.ബി.ഐ. അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് കോടതി മുമ്പാകെ സമർപ്പിച്ച കേസ് അവധിക്ക് വച്ചിരിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് നിയോഗിച്ച എ.ഡി. ദാമോദരൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറയാത്ത ഒരു കാര്യവും ഈ ഗവൺമെന്റ് ടി.ടി.പി.-യിൽ ചെയ്തിട്ടില്ല. വികസന പ്രവർത്തനങ്ങൾ വേണമെന്ന് അവിടത്തെ തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ട സാഹചര്യത്തിലാണ് സമഗ്ര പദ്ധതിക്ക് രൂപംകൊടുത്തത്. ഇതിൽ ഒരു അഴിമതിയും ഇല്ല.

പ്രമേയം വോട്ടിനിട്ട് നിരാകരിച്ചു.

**2011-ലെ കേരളാ ധനവിനിയോഗ (2-ാം നമ്പർ) ബിൽ - (ചർച്ച തുടർച്ച)**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ട ഈ ഗവൺമെന്റിന് പണം അനുവദിച്ചുകൊടുക്കുന്നതിൽ ഒരർത്ഥവുമില്ല. പി.എസ്.സി.യേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളേയും മറികടന്ന് തന്നിഷ്ടപ്രകാരമാണ് നോർക്ക ഉൾപ്പെടെയുള്ള വകുപ്പുകളിൽ നിലവിൽ നിയമനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. തൃക്കരിപ്പൂർ മണ്ഡലത്തിൽ ഈ സർക്കാർ അടച്ചുപൂട്ടിയ വൺമാൻ ട്രഷറി പുനഃസ്ഥാപിക്കണം. സംസ്ഥാനത്തൊട്ടാകെ കോടിക്കണക്കിന് രൂപയുടെ വികസനപ്രവർത്തനങ്ങളാണ് മുൻ സർക്കാർ നടപ്പിലാക്കിയത്. എൽ.ഡി.എഫ് സർക്കാർ തുടങ്ങിവച്ച പല പദ്ധതികളും തങ്ങളുടേതാണെന്നാണ് ഈ ഗവൺമെന്റ് അവകാശപ്പെടുന്നത്. ഒരു രൂപയുടെ അരി മുഴുവൻ ആളുകൾക്കും ലഭ്യമാക്കാൻ ഈ സർക്കാരിന്

കഴിഞ്ഞിട്ടില്ലെന്നുമാത്രമല്ല ക്വാളിറ്റിയില്ലാത്ത അരി വിതരണം ചെയ്യുന്നതുകൊണ്ട് ജില്ലയിൽ എലിപ്പനിപോലുള്ള രോഗങ്ങൾ പടരുകയാണ്. വിലവർദ്ധനവും ക്രമസമാധാനത്തകർച്ചയും മൂലം ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. അക്രമം അവസാനിപ്പിക്കാൻ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കാസർഗോഡ് ജില്ലയിലെ വർഗ്ഗീയ കലാപങ്ങൾ അമർച്ച ചെയ്യാനും ക്രമസമാധാനം ഉറപ്പുവരുത്താനും ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ജോസഫ് വാഴക്കൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. അപ്രധാന വിഷയങ്ങൾ ഉന്നയിച്ച് സഭയുടെ വിലപ്പെട്ട സമയം വ്യഥാവിലാക്കാനുള്ള പ്രതിപക്ഷത്തിന്റെ ശ്രമം അവസാനിപ്പിക്കണം. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടികൾ സംസ്ഥാനത്ത് വിസ്മയം സൃഷ്ടിച്ചിരിക്കുകയാണ്. ആവിഷ്ക്കരിക്കാൻ പോകുന്ന ഒരു വർഷ പരിപാടികൾ സമയബന്ധിതമായിത്തന്നെ പൂർത്തിയാക്കുമെന്നതിൽ സംശയമില്ല. കേരളത്തെ പുരോഗതിയിലേക്ക് നയിക്കാൻ കഴിയുന്ന ദീർഘവീക്ഷണമുള്ള ഒരു സർക്കാരാണ് സംസ്ഥാനത്തുള്ളത്. ഇന്ത്യയിൽ മാർക്സിസ്റ്റ് പാർട്ടി ഇന്ന് ത്രിപുരയിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നത് പ്രതിപക്ഷം വിസ്മരിക്കരുത്. 33 വർഷത്തെ കമ്മ്യൂണിസ്റ്റ് ഭരണം അവസാനിച്ചപ്പോൾ ബംഗാളിലെ ജനങ്ങൾ തൊഴിലന്വേഷിച്ച് കേരളത്തിലേക്ക് വരുന്നതാണ് കാണാൻ കഴിയുന്നത്. ഇൻഡ്യയിലെ സമ്മിശ്ര സമ്പദ്ഘടനയാണ് നല്ലതെന്ന അഭിപ്രായമാണ് ലോകമെമ്പാടും ഉയർന്നുവന്നിട്ടുള്ളത്. ശരിയായ സാമ്പത്തിക നയം പാലിച്ച് 120 കോടി ജനങ്ങളുള്ള രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കാൻ സാധിക്കുന്നതുകൊണ്ട് 2020 ആകുമ്പോഴേക്കും ഇൻഡ്യ ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തികളിലൊന്നായി മാറുമെന്നതിൽ തർക്ക

മില്ല. അക്രമങ്ങളെ പ്രോൽസാഹിപ്പിക്കുന്ന രാഷ്ട്രീയസമീപനം നാടിന് ഭൂഷണമല്ല.

ശ്രീ. ഇ.പി. ജയരാജൻ: ധനവിനിയോഗബില്ലിനെ എതിർക്കുന്നു. ദേശീയ രാഷ്ട്രീയസ്ഥിതിഗതികളും സാമ്പത്തികകാര്യങ്ങളും അടിസ്ഥാനമാക്കിവേണം കേരളത്തിന്റെ പ്രശ്നങ്ങൾ വിലയിരുത്തേണ്ടത്. കേരളത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാത്തതും മുൻകാലങ്ങളിലെ നേട്ടങ്ങളെ നിരാകരിച്ചുകൊണ്ടുമുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുളളത്. കേരളത്തിന്റെ സമഗ്ര വികസനത്തിനോ കാർഷിക-വ്യാവസായിക മേഖലകളുടെ അഭിവൃദ്ധിക്കോ ഉപകരിക്കാത്ത ബഡ്ജറ്റിന്റെ ധനവിനിയോഗത്തിനു പിന്തുണ നൽകാൻ കഴിയില്ല. സ്വാതന്ത്ര്യത്തിന്റെ ആദ്യനാളുകളിൽ സോവിയറ്റ് യൂണിയനുമായി ചേർന്ന് വളർത്തിയെടുത്ത സമ്മിശ്ര സമ്പദ്വ്യവസ്ഥയിലൂടെ ശക്തിപ്പെടുത്തിയ പൊതുമേഖലയെ തകർക്കുകയാണ് കോൺഗ്രസ് ചെയ്യുന്നത്. കഴിഞ്ഞ അഞ്ചുമാസംകൊണ്ട് യു.ഡി.എഫ്. ഗവണ്മെന്റ് ക്രിയാത്മകമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇവിടെ അഴിമതി ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പുരോഗതി കൈവരിച്ച ആരോഗ്യമേഖലയെ മുരടിപ്പിക്കുന്ന സമീപനമാണ് ഈ ഗവണ്മെന്റ് സ്വീകരിക്കുന്നത്. കേരളത്തിൽ ദന്തൽ കോളേജുകൾ അനുവദനീയമല്ലെന്നുള്ള ദന്തൽ കൗൺസിലിന്റെ നിലപാട് മറികടന്ന് ഈ ഗവണ്മെന്റ് 3 ദന്തൽ കോളേജുകൾക്ക് അനുമതി കൊടുത്തിരിക്കുകയാണ്. സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്ന നടപടികളുമായാണ് യു.ഡി.എഫ്. ഗവണ്മെന്റ് മുന്നോട്ടു പോകുന്നത്. കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി ഓഹരിയുടമകൾ നിക്ഷേപിച്ച 300 കോടി രൂപയ്ക്ക് രേഖ നൽകാനോ മൂന്നാംഘട്ട പ്രവർത്തനങ്ങൾ നടത്താനോ കഴിഞ്ഞിട്ടില്ല. നെൽകൃഷിക്കാരുടെ കടബാധ്യ

തകൾ വർദ്ധിച്ചുവരികയും ഉല്പാദിപ്പിക്കുന്ന നെല്ല് വിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയും ചെയ്യുന്നതിന് പരിഹാരം കാണണം. രാസവള ത്തിന്റെ വിലക്കയറ്റം കൃഷിക്കാരെ ബുദ്ധിമുട്ടിലാക്കുന്നു. എം.എൽ.എ. മാർക്ക് അവരവരുടെ മണ്ഡലത്തിൽ പ്രയോറിറ്റി നിശ്ചയിക്കാൻ അധികാരമി ല്ലാതാക്കിക്കൊണ്ട് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 1000 കിലോമീറ്റർ സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് സ്കീം കൺസൾട്ടൻസിയെ ഏല്പിച്ചിരിക്കുന്നത് ആക്ഷേപത്തിന് ഇടയാക്കും. സംസ്ഥാന ഭരണത്തിലെ കെടുകാര്യസ്ഥത അവസാനിപ്പിക്കണം. തെരഞ്ഞെടുത്ത യൂണിവേഴ്സിറ്റി സിൻഡിക്കേറ്റുകളെ പിരിച്ചുവിടുന്ന നടപടി ശരിയല്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കു ന്നു. ജനക്ഷേമ പ്രവർത്തനങ്ങളുമായി യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. എൽ.ഡി.എഫ്. സർക്കാർ വരുത്തിവച്ച 10197 കോടി രൂപ യുടെ അധികബാധ്യതയുമായിട്ടാണ് ഈ സർക്കാർ അധികാരത്തിൽ വരുന്ന ത്. എൽ.ഡി.എഫ്. സർക്കാരിന്റെ അഞ്ച് വർഷത്തെ നേട്ടം എന്നുപറയുന്നത് ആളോഹരി കടം 11,000 രൂപയായി വർദ്ധിച്ചുവെന്നുള്ളതാണ്. പൊതുക്കടം 73329 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ കടബാദ്ധ്യത വർദ്ധിക്കുന്നത് തട യാൻ നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റ് സുസ്ഥിര നഗരവികസ നത്തിന് എ.ഡി.ബി. അനുവദിച്ച തുക വിനിയോഗിക്കുന്നതിൽ കാണിച്ച അലംഭാവംകൊണ്ട് 18 കോടി രൂപ പിഴകൊടുക്കേണ്ടിവന്നു. സോഫ്റ്റ്വെയർ കയറ്റുമതി രംഗത്ത് പുരോഗതി കൈവരിക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തെ ബോധ്യപ്പെടുത്തിയതിന്റെ ഫല മായി പദ്ധതി വിഹിതത്തിൽ 950 കോടി രൂപ അധികമായി നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മികച്ച ധനകാര്യ മാനേജുമെന്റിലൂടെ ഈ ഗവൺമെന്റ്

അധിക വിഭവസമാഹരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുകൂല സമീപനം പ്രയോജനപ്പെടുത്തുന്നതിൽ സംസ്ഥാനം ശ്രദ്ധിക്കുന്നുണ്ട്. നികുതിപിരിവിലെ പിഴവുകളും ചെക്ക് പോസ്റ്റുകളിലെ അഴിമതിയും ഇല്ലാതാക്കുന്നതിനുള്ള നീക്കങ്ങൾ പ്രശംസനീയമാണ്. സ്മാർട്ട് സിറ്റി, വിഴിഞ്ഞം, കണ്ണൂർ വിമാനത്താവളം തുടങ്ങിയ ബൃഹത്തായ വികസന പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ പോവുകയാണ്. ഒരു രൂപ നിരക്കിൽ ബി.പി.എൽ. കുടുംബങ്ങൾക്ക് 25 കിലോ അരി വിതരണം, രോഗികളെ സഹായിക്കുന്ന നടപടികൾ എന്നിവയും കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി നടപ്പാക്കുന്നതിനായി അഞ്ച് ലക്ഷം രൂപ അനുവദിച്ചതും സ്വാഗതാർഹമാണ്. മാരക രോഗങ്ങൾ പിടിപെടുന്ന ദരിദ്ര കുടുംബങ്ങളിലെ അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി ആരംഭിച്ച "കാരുണ്യ ലോട്ടറി" ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്. കുട്ടനാട് പാക്കേജിനുവേണ്ടി 3406 കോടി രൂപ മാറ്റിവച്ചതും തൃശ്ശൂർ-പൊന്നാനി കോൾ മേഖലയുടെ വികസനത്തിനായി പുതിയ പദ്ധതി തയ്യാറാക്കുന്നതിന് തീരുമാനിച്ചതും സ്വാഗതാർഹമാണ്. നാൽപതിനായിരം ഏക്കർ വരുന്ന തൃശ്ശൂർ കോൾ മേഖലകളുടെ വികസനത്തിനുവേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങളുണ്ടാക്കണം. അദ്ധ്യാപക പാക്കേജ് നടപ്പാക്കുകവഴി അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കുന്നതിനും ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞത് അഭിനന്ദനാർഹമാണ്. മൂന്നു മാസം കൊണ്ട് നിരവധി വികസന പ്രവർത്തനങ്ങൾ നടപ്പാക്കുക വഴി കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന സാഹചര്യമാണ് ഇന്നുള്ളത്. കേന്ദ്ര ഗവൺമെന്റിൽനിന്ന് പുതിയ വികസന പദ്ധതികളും പാക്കേജുകളും

നേടിയെടുക്കുവാൻ ഡൽഹി കേന്ദ്രീകരിച്ച് ഒരു സംവിധാനമുണ്ടാക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്.

ശ്രീ. സി. മോയിൻകുട്ടി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തെ കടക്കെണിയിലേക്ക് എത്തിച്ചത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റാണ്. ബഡ്ജറ്റിനുപുറമെ റോഡിന്റെ നിർമ്മാണ പ്രവർത്തന ങ്ങൾക്കായി ഗണ്യമായ തുക അനുവദിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. പഞ്ചായത്ത് മെമ്പർമാരുടെയും ആശാവർക്കർമാരുടേയും ഹെൽപ്പർമാരുടേയും ആനുകൂല്യം വർദ്ധിപ്പിച്ചു. എസ്.സി./എസ്.ടി. വിഭാഗ ത്തിനും മത്സ്യത്തൊഴിലാളികൾക്കുംവേണ്ടി ക്ഷേമ പ്രവർത്തനങ്ങൾ നടത്തു കയും വിദ്യാഭ്യാസ മേഖലയിലും ആതുരശുശ്രൂഷാ മേഖലയിലും ആനുകൂ ല്യങ്ങൾ നൽകുകയും ചെയ്തു. ഏഴ് വർഷമായി നിലനിൽക്കുന്ന അട്ടപ്പാടി, ചെങ്ങറ, മൂലമ്പിള്ളി സമരങ്ങൾക്ക് നൂറ് ദിവസംകൊണ്ട് പരിഹാരം കാണാൻ കഴിഞ്ഞു. എൻഡോസൾഫാൻ ദുരിതബാധിതരായ 600 പേർക്ക് ഓരോ ലക്ഷം രൂപ വീതം വിതരണം ചെയ്തു. ഈ ഗവൺമെന്റ് അധികാര ത്തിൽ വന്ന ഉടൻ ബി.പി.എൽ കുടുംബങ്ങൾക്ക് ഒരു രൂപയ്ക്ക് അരി കൊടു ക്കാൻ തീരുമാനമെടുത്തു. നിയമസഭാ നടപടികൾ മുഴുവൻ സമയവും തൽസമയ സംപ്രേഷണത്തിന് ദൃശ്യമാധ്യമങ്ങൾക്ക് അനുവാദം കൊടുക്ക ണം.

ശ്രീ. വി.എസ്. സുനിൽ കുമാർ: ധനവിനിയോഗ ബില്ലിനെ എതിർക്കു ന്നു. ഭരണത്തിന്റെ പേരിൽ അധികാര ദുർവിനിയോഗമാണ് കേരളത്തിൽ നട ക്കുന്നത്. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ മതന്യൂനപക്ഷങ്ങൾ ആക്രമിക്കപ്പെടുന്നു. നവലിബറൽ സമ്പത്തിക നയം നടപ്പിലാക്കാൻ ആരം

ഭിച്ച ശേഷം ഇന്ത്യൻ നാഷണൽ കോൺഗ്രസിന് കേന്ദ്രത്തിൽ ഒറ്റയ്ക്ക് ഭൂരിപക്ഷം നേടാൻ കഴിഞ്ഞിട്ടില്ല. കുത്തകമുതലാളിമാരെ നിയന്ത്രിക്കുന്ന കരിനിയമം കൊണ്ടുവന്ന പഴയകാല കോൺഗ്രസും കോർപ്പറേറ്റ് കമ്പനികൾക്ക് കോടിക്കണക്കിന് രൂപ സബ്സിഡി കൊടുക്കുന്ന ഇന്നത്തെ കോൺഗ്രസും തമ്മിൽ വലിയ അന്തരമുണ്ട്. ദരിദ്രരും സമ്പന്നരും തമ്മിലുള്ള അന്തരം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡിലെ അഴിമതി കേസുമായി ബന്ധപ്പെട്ട് സി.ബി.ഐ. അന്വേഷണം വേണമെന്ന ആവശ്യത്തിൽ നിന്നും സർക്കാർ പിന്തിരിയുകയാണ്. സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ നൽകാൻ തയ്യാറാകാത്ത സ്വകാര്യ ബാങ്കുകൾക്ക് കോടിക്കണക്കിന് രൂപ കൈകാര്യം ചെയ്യാനുള്ള അനുവാദം നൽകി അഴിമതിക്ക് അവസരമൊരുക്കുന്ന ഈ സർക്കാരിന്റെ സമീപനം തിരുത്തണം.

<u>ശ്രീ. ബെന്നി ബെഹനാൻ</u> : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. നൂറുദിന പരിപാടിയുടെ ഭാഗമായി ഒരു രൂപയ്ക്ക് അരി കൊടുക്കാനും ചെങ്ങറയിലും മൂലമ്പിള്ളിയിലും സമരം ചെയ്തവർക്ക് ഭൂമി നൽകാനും സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ എന്നിവ യാഥാർത്ഥ്യമാക്കാനും കുട്ടനാട് പാക്കേജ് നടപ്പിലാക്കാനും കഴിഞ്ഞത് ഈ സർക്കാരിന്റെ നേട്ടങ്ങളാണ്. വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ അഴിമതിക്കാരെ കൽത്തുറുങ്കിലടയ്ക്കാൻ കോൺഗ്രസ് ഭരണകൂടം തയ്യാറാകുമ്പോൾ അതിനെ എതിർക്കുന്ന നിലപാടാണ് ഇടതുപക്ഷം സ്വീകരിച്ചുവരുന്നത്. കമ്മ്യൂണിസത്തിന് രാജ്യത്താകെ അപചയം സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം അംഗീകരിക്കാൻ തയ്യാറാകണം. യു.ഡി.എഫ്. ഗവൺമെന്റ് 100 ദിവസം കൊണ്ട് ചെയ്ത ജനക്ഷേമപ്രവർത്തനങ്ങൾ പ്രതിപക്ഷം അംഗീകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. പ്രതിപക്ഷത്തിനെതിരെ അപവാദപ്രചരണങ്ങളും ആക്ഷേപങ്ങളും ഉന്നയിക്കാൻ മാത്രമാണ് ഭരണകക്ഷിയംഗങ്ങൾ സമയം ചെലവഴിച്ചത്. ഭരണപക്ഷത്തെ പുതിയ അംഗങ്ങൾ കമ്മ്യൂണിസത്തെയും കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകളെയും കുറിച്ച് പഠിക്കാതെ വിമർശനങ്ങൾ നടത്തുന്നത് ശരിയല്ല. പ്രതിപക്ഷത്തിന്റെ വിമർശനങ്ങൾ ക്ഷമയോടുകൂടി കേൾക്കാനും ശരിയായവ അംഗീകരിക്കാനും ഗവൺമെന്റ് തയ്യാറാകണം. കോഴിക്കോട് ഐസ്ക്രീം പാർലർ കേസുമായി ബന്ധപ്പെട്ട് രണ്ട് പെൺകുട്ടികൾ ജീവനൊടുക്കിയ സംഭവത്തെക്കുറിച്ച് അന്വേഷണ സംഘം പ്രാഥമിക അന്വേഷണം പോലും നടത്തിയിട്ടില്ലെന്ന മൊഴിയാണ് രക്ഷിതാക്കൾ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രതിപക്ഷം സഭയിൽ ഉന്നയിച്ചിട്ടുള്ള പല കാര്യങ്ങളും ഭാഗികമായെങ്കിലും ഗവൺമെന്റിന് അംഗീകരിക്കേണ്ടി വന്നിട്ടുണ്ട്. കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നിർമ്മൽ മാധവ് എന്ന കുട്ടിക്ക് അഡ്മിഷൻ നൽകിയതിൽ പ്രതിഷേധിച്ച് നടന്ന പ്രകടനത്തിൽ വിദ്യാർത്ഥികൾക്കുനേരെ ക്രൂരമായ ലാത്തിചാർജും വെടിവയ്പും നടത്തിയ സംഭവത്തിൽ പ്രതിപക്ഷത്തിന്റെ ശക്തമായ ഇടപെടലിലൂടെ ആ വിദ്യാർത്ഥിയെ പ്രസ്തുത കോളേജിൽനിന്നുമാറ്റി മറ്റൊരു കോളേജിൽ പ്രവേശിപ്പിക്കേണ്ട സാഹചര്യമുണ്ടായി. മർദ്ദനമേറ്റ വിദ്യാർത്ഥികളോട് അനുഭാവം പ്രകടിപ്പിക്കാനുള്ള മര്യാദപോലും ഈ ഗവൺമെന്റ് കാണിച്ചില്ല. ഇടമലയാർ കേസുമായി ബന്ധപ്പെട്ട് തടവിൽ കഴിയുന്ന മുൻമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഫോണിൽ ബന്ധപ്പെട്ട സംഭവത്തെക്കുറിച്ചും ഗവൺമെന്റിന് സത്യം പുറത്തുപറയേണ്ടിവന്നു. പ്രതിപക്ഷനേതാവിന്റെ കുടുംബാംഗങ്ങളെപ്പോലും ആക്ഷേപിക്കുന്ന നിലയിലേക്ക് യു.

ഡി.എഫ്. അധ:പതിച്ചിരിക്കുകയാണ്. വാളകം ആർ.വി.എച്ച്.എസ്.എസ്. -ലെ അദ്ധ്യാപകൻ ആക്രമിക്കപ്പെട്ട സംഭവം ആക്സിഡന്റ് ആക്കിത്തീർക്കാനാണ് ഇപ്പോൾ ഗവൺമെന്റ് ശ്രമിക്കുന്നത്. പാമോയിൽ കേസിൽ വിജിലൻസ് ജഡ്ജിയുടെ ചുമതല നിറവേറ്റാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചുകൊണ്ട് ജുഡീഷ്യറിയെപ്പോലും ഭയപ്പെടുത്തുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഭൂപരിഷ്ക്കരണ നിയമത്തിൽ വരുത്തിയ ഭേദഗതിയോട് ഭരണപക്ഷത്തുള്ളവർക്കുപോലും യോജിക്കാൻ കഴിയുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്ന കേന്ദ്ര ഗവൺമെന്റ് നയം സംസ്ഥാന ഗവൺമെന്റും പിന്തുടരുന്നത് ശരിയല്ല. ട്രഷറി നിക്ഷേപം സ്വകാര്യ ബാങ്കുകൾക്ക് കൈമാറാനുള്ള നീക്കം അപലപനീയമാണ്. കർഷകർക്ക് പലിശരഹിത വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കാനുള്ള അവകാശം വൻകിട കമ്പനികൾക്ക് നൽകിയ കേന്ദ്ര ഗവൺമെന്റ് നടപടി ശരിയല്ലെന്ന് പറയാനുള്ള ധൈര്യം ഈ ഗവൺമെന്റ് കാണിക്കണം. വിലക്കയറ്റവും പട്ടിണിയുംമൂലം ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസം നൽകാൻ നടപടി സ്വീകരിക്കണം. തെറ്റായ സമീപനങ്ങൾ തിരുത്താനും പാമോയിൽ, ടൈറ്റാനിയം കേസുകളിൽ സി.ബി.ഐ. അന്വേഷണം നടത്താനും സർക്കാർ തയ്യാറാകണം.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കണ്ണൂർ എയർപോർട്ടിനുവേണ്ടി പ്രൈവറ്റ് ഷെയറും പബ്ലിക് സെക്ടർ ഷെയറും ചേർത്ത് 53.10 കോടി രൂപയാണ് കിട്ടിയിട്ടുള്ളത്. ഈ ഗവൺമെന്റ് നടത്തിയ നിരന്തര ചർച്ചകളുടെ അടിസ്ഥാനത്തിൽ കിൻഫ്ര ഏറ്റെടുത്ത ഭൂമി

'സിയാലിന്' കൈമാറുന്നതിന് ഇപ്പോൾ സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ എം.ഒ.യു. ക്ലിയർ ചെയ്തിട്ടുണ്ട്. നിയമവകുപ്പും ധനകാര്യവകുപ്പും പരിശോധിച്ച് മന്ത്രിസഭായോഗം അംഗീകാരം നൽകുന്നതാണ്. കണ്ണൂർ എയർപോർട്ടിന്റെ കാര്യത്തിൽ യാതൊരു വീഴ്ചയും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ.എം. മാണി</u>) : സംസ്ഥാനത്തെ കടബാദ്ധ്യത 23,000 കോടി രൂപയായിരുന്ന അവസ്ഥയിലാണ് ഈ ഗവൺമെന്റ് അധികാരമേറ്റെടുക്കുന്നത്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും കുടിശ്ശിക കൊടുത്തുതീർക്കാനും ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ഓണത്തിനുള്ള അഡ്വാൻസ്, സുരക്ഷാ പെൻഷനുകൾ തുടങ്ങിയവ നൽകിയും നൂറുദിവസത്തെ പരിപാടികളിലൂടെ പദ്ധതികൾ നടപ്പാക്കിയും 'അതിവേഗം ബഹുദൂരം' ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. മുഴുവൻ ബി.പി.എൽ. കുടുംബങ്ങൾക്ക് ഒരു രൂപയ്ക്കും 45 ലക്ഷം എ.പി.എൽ. കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്കും അരികൊടുക്കാൻ 650 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. രണ്ട് ഹെക്ടറിന് താഴെ ഭൂമിയുള്ള മുഴുവൻ കൃഷിക്കാർക്കും പെൻഷൻ അനുവദിക്കാനും 'ക്ലീൻ കേരള' പദ്ധതി ആവിഷ്ക്കരിക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇൻഫ്രാസ്ട്രക്ച്ചറിന് ഏറെ പ്രാധാന്യം കൊടുത്ത് റോഡ് ഇമ്പ്രൂവ്മെന്റ് പ്രോജക്ടിനായി 5100 -കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചതിനുപുറമേ 325 കോടി രൂപയും ദേശീയപാതകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 20 കോടി രുപയും, നാല് കോർപ്പറേഷൻ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 157 കോടി രുപയും കാലവർഷക്കെ

ടുതിമൂലം തകർന്ന റോഡുകൾക്ക് 314 കോടി രൂപയും പുതിയ റോഡുകളുടെ ഭരണാനുമതിക്കായി 800 കോടി രൂപയും അനുവദിക്കാൻ സാധിച്ചു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എം.എൽ.എ. മാരുടെ നിയോജക മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന തുക ഒരു കോടി രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. 20-10-2011-ലെ ഉത്തരവു പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ഓണറേറിയം ആയിരം രൂപ വീതം വർദ്ധിപ്പിച്ചിട്ടുണ്ട്. ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2011-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): 2011-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2011-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 63-നെതിരെ 71 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(സഭ വൈകുന്നേരം 5.50-ന് പിരിഞ്ഞു)

@@@@@@@@